# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3054** **19.06.2018 ൽ മറുപടിയ്ക്ക്**

## ജൈവകൃഷി നയം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | **ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |
| എ) പുതുക്കിയ ജൈവകൃഷി നയം പ്രഖ്യാപിച്ചിട്ടുണ്ടോ; | എ) & ബി) | 10/02/2010- ലെ സർക്കാർ ഉത്തരവ് (പി) നം. 39/2010/കൃഷി പ്രകാരം പുറപ്പെടുവിച്ച ജൈവ കാർഷിക നയമാണ് നിലവിലുള്ളത്. ആയതിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| ബി) കർഷകനെ കടക്കെണിയിൽ നിന്ന് രക്ഷിക്കുന്നതിനും കാർഷികമേഖലയുടെ വികസനവും അഭിവൃദ്ധിയും ഉറപ്പ് വരുത്തുന്നതിനും സഹായകമായ എന്തൊക്കെ കാര്യങ്ങളാണ് ഈ നയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | | |
| സി) കാർഷിക വിളകളിൽ നിന്നുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ വിൽപ്പന സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിന് ഈ നയത്തിന്റെ അടിസ്ഥാനത്തിൽ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണ്; വിശദമാക്കുമോ? | സി) | ജൈവ കാർഷിക വിളകളിൽ നിന്നുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങൾ വിപണനം നടത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ജി.എ.പി ക്ലസ്റ്ററുകളിൽ നിന്നും സംഭരിച്ച പഴം പച്ചക്കറി ഉല്പന്നങ്ങൾ, ഗ്രേഡിംഗ്, പാക്കിംഗ് എന്നിവ നടത്തി ഇക്കോഷോപ്പുകൾ വഴിയും നഗരസഭകൾ, മുനിസിപ്പാലിറ്റികൾ, റെസിഡൻസ് അസോസിയേഷനുകൾ എന്നിവ ഉൾപ്പെടുന്ന പ്രദേശങ്ങളിലും വിപണനം ചെയ്യുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്. 50 ലക്ഷം രൂപ ഇതിനായി ചെലവഴിക്കുന്നുണ്ട്. |

Mayal

**സെക്ഷൻ ഓഫീസർ**

# കേരള സർക്കാർ

## സംഗ്രഹം

കൃഷി വകുപ്പ്—കേരള സംസ്ഥാന ജൈവ കാർഷിക നയം—ഭേദഗതി ചെയ്ത് പുതുക്കിയ നയരേഖ അംഗീകരിച്ച്—ഉത്തരവ് പുറപ്പെടുവിക്കുന്നു

---

## കൃഷി (പി. ബി.) വകുപ്പ്

**സ. ഉ. (പി) നമ്പർ 39/2010/കൃഷി.** **തിരുവനന്തപുരം, 2010 ഫെബ്രുവരി 10.**

---

പരാമർശം:—1. 1-3-2006-ലെ ജി. ഒ. (എംഎസ്.) 16/06/കൃഷി നമ്പർ സർക്കാർ ഉത്തരവ്.

2. 6-10-2008-ലെ ജി. ഒ. (എംഎസ്.) 2/08/പരി. നമ്പർ സർക്കാർ ഉത്തരവ്.

3. കൃഷി വകുപ്പ് ഡയറക്ടറുടെ 18-3-2008-ലെ റ്റി.എഫ്. (2) 41133/02 നമ്പർ കത്ത്.

4. സംസ്ഥാന ജൈവവൈവിദ്ധ്യ ബോർഡ് ചെയർമാന്റെ 23-6-2009-ലെ കുറിപ്പ്.

## ഉത്തരവ്

കാർഷിക വ്യവസ്ഥയെ സുസ്ഥിരവും ലാഭകരവും മത്സരക്ഷമതയാർന്നതും ഏവർക്കും വിഷവിമുക്തമായ മണ്ണ്, വെള്ളം, ഭക്ഷണം എന്നിവ പ്രദാനം ചെയ്യാൻ സഹായിക്കുന്നതുമായ ഒരു ജൈവ കാർഷിക നയം സംസ്ഥാനത്ത് നടപ്പിലാക്കേണ്ടതുണ്ട്. ഭക്ഷ്യ കാർഷികോല്പാദനത്തിൽ സ്വാശ്രയശീലം വളർത്തുക, മണ്ണ് ജലസംരക്ഷണം ഉറപ്പാക്കുക, കാർഷിക ജൈവവൈവിദ്ധ്യവും സസ്യ ജൈവ വൈവിദ്ധ്യവും സംരക്ഷിക്കുക, കൃഷി, കന്നുകാലി പരിപാലനം, മീൻ വളർത്തൽ, കോഴി, താറാവ് വളർത്തൽ, തേനീച്ച വളർത്തൽ എന്നിവയടങ്ങിയ മിശ്രിത കൃഷി പ്രോത്സാഹിപ്പിക്കുക തുടങ്ങിയവയ്ക്ക് ഊന്നൽ നൽകുന്നതാണ് ഈ കൃഷി നയം.

സംസ്ഥാനത്ത് ഒരു ജൈവ കാർഷിക നയം പരാമർശത്തിലെ സർക്കാർ ഉത്തരവുകൾ പ്രകാരം അംഗീകരിച്ച് ഉത്തരവായിരുന്നു. കർഷക സമൂഹത്തിനും ജൈവ കാർഷിക നയം നടപ്പിലാക്കുന്നതിൽ സുപ്രധാന പങ്ക് വഹിക്കേണ്ട കൃഷി വകുപ്പിനും അനുയോജ്യവും ജൈവ കൃഷിക്ക് അഭിലഷണീയവുമായ വിധത്തിൽ നിലവിലുള്ള നയരേഖയിൽ ചില ഭേദഗതികൾ ആവശ്യമാണെന്ന് സർക്കാരിന് ബോദ്ധ്യപ്പെടുകയുണ്ടായി. ഇത് സംബന്ധിച്ച് സംസ്ഥാന ജൈവവൈവിദ്ധ്യ ബോർഡ് ഒരു കരട്

7/711/2010/DTP.

| | | | |
|---|---|---|---|
| തന്ത്രം 11 | : | സംസ്ഥാനത്ത് മാതൃകാ, സുസ്ഥിര കൃഷിയിടങ്ങൾ വികസിപ്പിച്ചെടുക്കുക | 17 |
| തന്ത്രം 12 | : | ഗോത്രവർഗ്ഗക്കാർക്കായി പ്രത്യേക കാർഷിക പരിപാടികൾ ആവിഷ്കരിച്ച് അവരുടെ ആരോഗ്യവും ക്ഷേമവും ഉറപ്പാക്കുക | 18 |
| തന്ത്രം 13 | : | ജൈവ കർഷകരുടെ നേതൃത്വത്തിൽ ഉൽപ്പാദന കമ്പനികൾ സ്ഥാപിക്കുക | 18 |
| തന്ത്രം 14 | : | സ്റ്റോറേജ്, ട്രാൻസ്പോർട്ടേഷൻ സൗകര്യങ്ങൾ ഏർപ്പെടുത്തുക | 18 |
| തന്ത്രം 15 | : | ഭക്ഷ്യോൽപ്പന്ന വ്യവസായ രംഗത്ത് ജൈവ ഉൽപ്പന്നങ്ങളുടെ ഉപയോഗവും മൂല്യവർദ്ധിത ഉൽപ്പന്ന സംരംഭങ്ങളും പ്രോൽസാഹിപ്പിക്കുക | 19 |
| തന്ത്രം 16 | : | ജൈവ ഉൽപ്പന്നങ്ങളുടെ വിപണനത്തിന് വ്യത്യസ്ത മാർഗ്ഗങ്ങൾ വികസിപ്പിച്ചെടുക്കുക | 19 |
| തന്ത്രം 17 | : | സംസ്ഥാനത്ത് എല്ലാ ജൈവ കർഷകർക്കും സഹായകമായ രീതിയിൽ ലളിതമായ ഓർഗാനിക് സർട്ടിഫിക്കേഷൻ പ്രക്രിയയ്ക്ക് രൂപം നൽകുക | 20 |
| തന്ത്രം 18 | : | ജൈവ കൃഷി പ്രോൽസാഹിപ്പിക്കുന്നതിന് സാമ്പത്തിക സഹായം ലഭ്യമാക്കുക | 21 |
| തന്ത്രം 19 | : | പുതുക്കാവുന്ന ഊർജ്ജസ്രോതസുകളുടെ ഉപയോഗം പ്രോൽസാഹിപ്പിക്കുക | 21 |
| തന്ത്രം 20 | : | വിദ്യാലയങ്ങളിൽ ജൈവകൃഷി സന്ദേശം എത്തിക്കുക | 21 |
| തന്ത്രം 21 | : | ഗവേഷണ, വിദ്യാഭ്യാസ, വ്യാപന പരിപാടികൾ പുനഃസംവിധാനം ചെയ്യുക | 22 |
| തന്ത്രം 22 | : | രാസവസ്തുക്കളെയും കീടനാശിനികളെയും സംസ്ഥാനത്തുനിന്ന് ഘട്ടം ഘട്ടമായി നിർമ്മാർജ്ജനം ചെയ്യുക | 23 |
| തന്ത്രം 23 | : | വിവിധ വകുപ്പുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സംഘടനകൾ എന്നിവയുടെ പ്രവർത്തനവും പദ്ധതികളും സംയോജിപ്പിക്കുക | 24 |
| തന്ത്രം 24 | : | ജൈവകൃഷി പ്രോൽസാഹിപ്പിക്കുന്നതിനുള്ള സംഘടനാ സംവിധാനം | 24 |
| ജനറൽ കൗൺസിൽ | | | 25 |
| എക്സിക്യൂട്ടീവ് കമ്മിറ്റി | | | 26 |


# കേരള സംസ്ഥാന ജൈവകൃഷി നയം: തന്ത്രങ്ങൾ, കർമ്മ പരിപാടികൾ

## ദർശനം

കേരളത്തിലെ കാർഷിക വ്യവസ്ഥയെ സുസ്ഥിരവും ലാഭകരവും വിപണിയിൽ പിടിച്ചുനിൽക്കാൻ പ്രാപ്തവും എല്ലാ പൗരന്മാർക്കും വിഷവിമുക്തമായ വെള്ളം, മണ്ണ്, ഭക്ഷണം എന്നിവ പ്രദാനം ചെയ്യാൻ കെൽപ്പുള്ളതുമാക്കി മാറ്റുക.

## പശ്ചാത്തലം

കൃഷിയിൽ അഭിമാനാർഹമായ ഒരു ചരിത്രം അവകാശപ്പെടാൻ കഴിയുന്ന രാജ്യമാണ് ഇന്ത്യ. ഒരു പക്ഷേ, ക്രിസ്തുവിനും ആറായിരം വർഷം മുമ്പ് നിലനിന്ന സിന്ധു നദീതട സംസ്കാരത്തോളം നീളുന്നു, ആ പാരമ്പര്യം. സുസ്ഥിരമായ കൃഷിരീതിയുടെ ഈറ്റില്ലമായിരുന്നു, സിന്ധുനദീതട സംസ്കാരം. വർഷംതോറും സംഭവിക്കുന്ന വെള്ളപ്പൊക്കത്തിലെ എക്കൽ നിക്ഷേപത്തെ ആശ്രയിച്ച് രൂപപ്പെടുത്തിയെടുത്ത കൃഷിരീതി. ക്രമേണ നമ്മുടെ സംസ്കാരത്തിലും ആചാരാനുഷ്ഠാനങ്ങളിലും ആ കാർഷിക സമ്പ്രദായത്തിന്റെ ചേതന അലിഞ്ഞുചേർന്നു; വേർതിരിക്കാനാവാത്ത വിധം അടുത്ത കാലം വരെ അതങ്ങനെതന്നെ നിലനിന്നു. പ്രധാന വിളവെടുപ്പ് രാജ്യമെങ്ങും ആഘോഷമായി കൊണ്ടാടുന്നത് അതിന്റെ പ്രതിസ്ഫുരണമാണ്.

കേരളത്തിൽ കൃഷിഭൂമിയെ ദേവതയായും സ്ത്രീയായും ആരാധിക്കുന്നിടത്തോളമെത്തി, ആ സംസ്കാരം. പ്രസവാനന്തരം സ്ത്രീകൾ പൂർണ്ണ വിശ്രമത്തിൽ കഴിയുന്നതുപോലെ വിളവെടുപ്പിനുശേഷം മൂന്ന് മാസം നിലമുഴുകപോലും ചെയ്യാതെ മണ്ണിന് നിർബന്ധിത വിശ്രമം നൽകുന്ന പാരമ്പര്യം നമുക്കുണ്ടായിരുന്നു. ഒരു അന്ധവിശ്വാസം എന്ന് തോന്നാമെങ്കിലും അതിനുപിന്നിൽ സുസ്ഥിര കൃഷി രീതിയുടെ ഒരു പ്രായോഗിക സമീപനം തെളിഞ്ഞു കാണാം. മഴക്കാലത്ത് നിലമുഴുതാൽ മണ്ണൊലിപ്പിലൂടെ ജൈവസമ്പത്ത് നഷ്ടമാകുമെന്ന തിരിച്ചറിവ് കർഷകനുണ്ടായിരുന്നു. കൃഷിയുടെ നിലനിൽപ്പിനെ അത് ബാധിക്കുമെന്നും അവർക്കറിയാമായിരുന്നു. അങ്ങനെ ചരിത്രാതീതകാലം മുതൽതന്നെ കാലം പരീക്ഷിച്ചറിഞ്ഞ, കാലാവസ്ഥകൾക്കിണങ്ങിയ, പാരമ്പര്യ വിളകളിലധിഷ്ഠിതമായ, ജൈവവളങ്ങൾ ചേർത്തും ചേർക്കാതെയുമുള്ള പരിസ്ഥിതി ഘടകങ്ങളിലിഴുകിച്ചേർന്ന കൃഷിരീതി വഴി സുസ്ഥിരത നമ്മുടെ കൃഷി സമ്പ്രദായത്തിന്റെ മുഖമുദ്രയായി മാറിയിരുന്നു.

ഒരു കാലത്ത് തീരദേശ ജില്ലകളിൽ പ്രചുര പ്രചാരം നേടിയിരുന്ന, 'പൊക്കാളി' കൃഷിയും കണ്ണൂർ ജില്ലയിൽ നിലനിന്ന 'കായ്പാട്' കൃഷി സമ്പ്രദായവും പ്രകൃതി വിഭവങ്ങളുടെ മഹത്വം മനസ്സിലാക്കിയുള്ള മനുഷ്യന്റെ കാർഷിക ധൈഷണികതയുടെ മകുടോദാഹരണങ്ങളാണ്:

എന്നാൽ നൂറ്റാണ്ടുകളായി ആദരവോടെ നാം പരിപാലിച്ചുപോന്ന പ്രകൃതി സൗഹൃദകൃഷി രീതികളെ പാടെ തിരസ്കരിച്ച് കടന്നുകയറിയ ഈ കൃഷിരീതി ഭീമമായ, അപരിഹാര്യമായ പാരിസ്ഥിതികദുരന്തങ്ങൾക്ക് വഴിയൊരുക്കി. അതിജീവന ശേഷിയുള്ള നമ്മുടെ പരമ്പരാഗത വിത്തിനങ്ങളുടെ സ്ഥാനം അത്യല്പാദനശേഷിയുള്ള വിത്തുകൾ കയ്യടക്കി. ഉല്പാദനവർദ്ധനവ് കൈവരിക്കാൻ മണ്ണിലിറക്കിയ ഇത്തരം വിത്തുകൾക്ക് മുളച്ച് വളരാൻ ടൺകണക്കിന് രാസവളം ആവശ്യമായി വന്നു. അത് നമ്മുടെ



7/711/2010/DTP.

നയരേഖ തയ്യാറാക്കി സമർപ്പിച്ചു. വിത്തിന്മേൽ സംസ്ഥാനത്തിന്റേയും കൃഷിക്കാരുടേയും പരമാധികാരം ഉറപ്പാക്കുക, നിലവിലുള്ള കാവുകളും കുളങ്ങളും കണ്ടൽ കാടുകളും സംരക്ഷിത പ്രദേശങ്ങളായി പ്രഖ്യാപിക്കുക, ജൈവ സർട്ടിഫിക്കേഷൻ സംബന്ധിച്ച പ്രായോഗിക മാനദണ്ഡങ്ങൾ സ്വീകരിക്കുക എന്നിങ്ങനെ സുപ്രധാനങ്ങളായ ചില ഭേദഗതി നിർദ്ദേശങ്ങൾ കൃഷി ഡയറക്ടർ പരാമർശം 3-ലെ കത്ത് പ്രകാരം സമർപ്പിച്ചു. മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ സംബന്ധിച്ച് അനുകൂല അഭിപ്രായം സംസ്ഥാന ജൈവ വൈവിദ്ധ്യ ബോർഡ് പരാമർശം (4) പ്രകാരം സർക്കാരിനെ അറിയിച്ചു.

കർഷക സമൂഹത്തിനും ജൈവ കാർഷിക നയം നടപ്പിലാക്കുന്നതിൽ മുഖ്യപങ്ക് വഹിക്കേണ്ട കൃഷി വകുപ്പിനും അനുയോജ്യവും ജൈവ കൃഷിക്ക് അഭിലഷണീയവുമായ വിധത്തിൽ നിലവിലുള്ള നയരേഖയിൽ ഭേദഗതി വരുത്തുന്ന കാര്യം സർക്കാർ വിശദമായി പരിശോധിച്ചു. ജൈവ കാർഷിക നയം നടപ്പിലാക്കുമ്പോൾ പ്രായോഗിക തലത്തിൽ വേണ്ടിവരുന്ന ഭേദഗതികൾ, ജൈവ കൃഷിയുടെ തന്ത്രങ്ങൾ, കർമ്മ പദ്ധതികൾ തുടങ്ങിയവ സംബന്ധിച്ച് കൂടുതൽ വിശദാംശങ്ങൾ ഉൾപ്പെടുത്തുവാൻ സർക്കാർ തീരുമാനിച്ചു. അതുപ്രകാരം പരാമർശം 2-ലെ ഉത്തരവിൽ അംഗീകരിച്ച നിലവിലുള്ള നയരേഖ ഭേദഗതി ചെയ്ത് തയ്യാറാക്കിയ അനുബന്ധമായി ചേർത്തിട്ടുള്ള പുതുക്കിയ നയരേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

മേൽ അംഗീകരിച്ച ജൈവ കൃഷി നയം നടപ്പിലാക്കുന്നതിലേക്ക് സാമ്പത്തിക ബാധ്യതയുള്ള ഓരോ പദ്ധതി നിർദ്ദേശത്തിനും സർക്കാരിന്റെ പ്രത്യേക അംഗീകാരം തേടേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ഡോ. ദേവേന്ദ്രകുമാർ ധോദാവത്,
*സെക്രട്ടറി.*

ചെയർമാൻ, സംസ്ഥാന ജൈവ വൈവിദ്ധ്യ ബോർഡ്, തിരുവനന്തപുരം.
കൃഷി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
മെമ്പർ സെക്രട്ടറി, സംസ്ഥാന ജൈവ വൈവിദ്ധ്യ ബോർഡ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം.
മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം.
നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും.
പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ.
പരിസ്ഥിതി വകുപ്പ് (30-11-2009-ലെ 17214/എ2/08/പരി. നമ്പർ കുറിപ്പ്).
പൊതുഭരണ (എസ്.സി.) വകുപ്പ് (2-2-2010-ലെ മന്ത്രിസഭായോഗ തീരുമാനം ഇനം നമ്പർ 4218).
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ്:
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
കാർഷികോൽപ്പാദന കമ്മീഷണറുടെ പി. എ.
കൃഷി വകുപ്പ് സെക്രട്ടറിയുടെ സി. എ.

# കേരള സംസ്ഥാന ജൈവകൃഷി നയം: തന്ത്രങ്ങൾ, കർമ്മ പരിപാടികൾ

## ഉള്ളടക്കം


| | | | പേജ് |
|---|---|---|---|
| ദർശനം | | .. | 1 |
| പശ്ചാത്തലം | | .. | 1 |
| ജൈവകൃഷി: ലഘുചരിത്രം | | .. | 4 |
| ജൈവകൃഷിയുടെ മേന്മകൾ | | .. | 7 |
| ജൈവ കൃഷിനയം, കർമ്മ പദ്ധതി | | .. | 8 |
| ലക്ഷ്യങ്ങൾ | | .. | 8 |
| തന്ത്രങ്ങളും കർമ്മപദ്ധതിയും | | .. | 9 |
| ജൈവകർഷകന്റെ നിർവ്വചനം | | .. | 9 |
| തന്ത്രം 1 : | വിത്തിൻമേൽ കൃഷിക്കാരുടേയും സംസ്ഥാനത്തിന്റെയും പരമാധികാരം ഉറപ്പാക്കുക | .. | 10 |
| തന്ത്രം 2 : | സംസ്ഥാനത്ത് ഘട്ടം ഘട്ടമായി ജൈവകൃഷിനയം നടപ്പാക്കുക | .. | 11 |
| തന്ത്രം 3 : | ജൈവകൃഷിയിൽ 'കോംപാക്ട് ഏരിയാ ഗ്രൂപ്പ്' സമീപനം സന്നിവേശിപ്പിക്കുക | .. | 11 |
| തന്ത്രം 4 : | മണ്ണ്, ജലസംരക്ഷണ ഉപാധികൾ ഉറപ്പുവരുത്തുക | .. | 12 |
| തന്ത്രം 5 : | ജീവനോപാധികളുടെ സംരക്ഷണവും പാരിസ്ഥിതിക സുസ്ഥിരതയും ഉറപ്പുവരുത്താൻ മിശ്രിത കൃഷിരീതി പ്രോൽസാഹിപ്പിക്കുക | .. | 13 |
| തന്ത്രം 6 : | കാർഷിക ജൈവവൈവിദ്ധ്യവും വന്യജൈവവൈവിദ്ധ്യവും സംരക്ഷിക്കുക, മെച്ചപ്പെടുത്തുക | .. | 13 |
| തന്ത്രം 7 : | ജൈവകൃഷി ഊർജ്ജസ്വലമായി പ്രചരിപ്പിക്കുന്നതിനുവേണ്ടി 'ജൈവകേരളം' എന്ന പേരിൽ ഒരു ജനകീയ പ്രചരണ പരിപാടി സംഘടിപ്പിക്കുക | .. | 14 |
| തന്ത്രം 8 : | കൃഷിക്കാർക്ക് ഗുണനിലവാരമുള്ള ജൈവവളത്തിന്റെ ലഭ്യത ഉറപ്പാക്കുക | .. | 15 |
| തന്ത്രം 9 : | ജൈവകൃഷിക്കാവശ്യമായ സാഹചര്യവും സാമഗ്രികളും ഉറപ്പാക്കുക | .. | 16 |
| തന്ത്രം 10 : | കർഷകർ, നിർവ്വഹണ ഉദ്യോഗസ്ഥർ, വിവിധ ഏജൻസികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങൾ എന്നിവർക്ക് കാര്യശേഷി വികസന പരിപാടികൾ നടപ്പാക്കുക | .. | 17 |

മണ്ണിന് അന്യമായ പുതിയ കീടങ്ങളെയും അസുഖങ്ങളെയും സമ്മാനിച്ചു. ഇങ്ങനെ അതിജീവിക്കാൻ അമിതമായ രാസകീടനാശിനികൾ പ്രയോഗിക്കേണ്ടി വന്നു. മണ്ണിലെ ഈ വൈദേശിക ഘടകങ്ങൾ ഒട്ടനേകം പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് വഴിയൊരുക്കി.

മണ്ണിലെ സൂക്ഷ്മജീവികൾ ചത്തൊടുങ്ങി. മണ്ണിന്റെ പുഷ്ടിയും ജീവനും നശിച്ചു. വെള്ളത്തിന്റെ ആവശ്യം വർദ്ധിച്ചു. കാലാകാലങ്ങളായി നിലനിന്ന പാരമ്പര്യവിളകൾ അന്യം നിന്നു. നൂറ്റാണ്ടുകളായി ചെയ്തുപോന്ന കൃഷി രീതികൾ നിലച്ചു. കൃഷിഭൂമിയും കൃഷിക്കാരനും തമ്മിൽ നിലനിന്ന അനശ്വരബന്ധം നഷ്ടമായി. ഇതിനെല്ലാമുപരിയായി കൃഷിയുടെ സുസ്ഥിരത തകിടം മറിഞ്ഞു. കൃഷിച്ചെലവ് വർദ്ധിച്ചു. കൃഷിക്കാരന്റെ വരുമാനം ക്രമേണ കുറഞ്ഞു. അങ്ങനെ ഭക്ഷ്യസുരക്ഷയും സുരക്ഷിതമായ ഭക്ഷണവും വീണ്ടും ഒരു വൻ വെല്ലുവിളിയായി മാറി.

കൃഷിഭൂമിയിലെ ജൈവവൈവിദ്ധ്യം ഇന്ന് കഴിഞ്ഞകാല ചരിത്രമായി മാറിയിരിക്കുന്നു. വയലേലകളിൽ തവളകളുടെയും ചീവീടുകളുടെയും താറാവുകളുടെയും ശബ്ദം നിലച്ചു. തെങ്ങുകളിൽ നീണ്ട വൈക്കോൽ കൊണ്ട് കൂട് നെയ്ത് പാർത്തിരുന്ന കിളികളുടെ ഹൃദയാവർജകമായ കാഴ്ചകൾ അന്യമായി. കൃഷി ഭൂമിയിലെ ഭക്ഷ്യ ചക്രത്തിന്റെ കണ്ണികൾ വിളക്കിച്ചേർത്തിരുന്ന കീടങ്ങളും പക്ഷികളും, എന്തിനേറെ മനുഷ്യന്റെ നിത്യമിത്രമായ പ്രാവുകൾ പോലും അന്യം നിൽക്കുകയോ അപൂർവ്വ കാഴ്ചയായി മാറുകയോ ചെയ്തിരിക്കുന്നു.

വനപ്രദേശങ്ങളിൽ, പക്ഷേ, ഭാഗ്യവശാൽ രാസകീടനാശിനികളുടെ പ്രയോഗം താരതമ്യേന കുറവാണ്. എന്നാൽ തേക്കിന്റെ ഇലകൾ തിന്നുനശിപ്പിക്കുന്ന കീടങ്ങളെ നിയന്ത്രിക്കാൻ ഇന്ത്യയിലാദ്യമായി 1965-ൽ വനത്തിൽ അന്തരീക്ഷമാർഗ്ഗം രാസകീടനാശിനികൾ തളിച്ചത് കേരളത്തിലെ കോന്നി വനമേഖലയിലാണ്. നാല്പത്തെട്ട് മണിക്കൂറിനുള്ളിൽ നിരപരാധികളായ 162 ലധികം ഷഡ്പദങ്ങൾ ചത്തൊടുങ്ങിയെന്നകാര്യം ശ്രദ്ധേയമാണ്.

അന്തരീക്ഷമാർഗ്ഗം കീടനാശിനികൾ പ്രയോഗിക്കുന്നത് മനുഷ്യശരീരത്തിലേല്പിക്കുന്ന പ്രത്യാഘാതങ്ങളെന്തെന്ന് കാസർഗോഡ് ജില്ലയിലെ പാദ്രി ഗ്രാമത്തിലെ ശാരീരിക മാനസികവൈകല്യങ്ങൾ ബാധിച്ച് കഷ്ടപ്പെടുന്ന കുട്ടികൾ ലോകത്തോട് വിളിച്ചു പറയുന്നു.

ആധുനിക സാങ്കേതിക വിദ്യകളുടെ ഫലമായി വായുവും വെള്ളവും മണ്ണും മലിനീകൃതമായി. ഭക്ഷ്യധാന്യങ്ങളും മറ്റ് കൃഷിവിളകളും വിഷലിപ്തമായി. കൃഷിഭൂമികളിൽ നിന്നുള്ള ഈ വിഷനീരൊഴുക്ക് നമ്മുടെ തണ്ണീർ തടങ്ങളെ—ചതുപ്പുകൾ, കായലുകൾ, പുഴകൾ, തടാകങ്ങൾ, റിസർവോയറുകൾ—വിഷലിപ്തമാക്കി. അവയിലെ ജീവജാലങ്ങളെ കൊന്നൊടുക്കി. പുഴകളിലേക്ക് ഒഴുകിയിറങ്ങിയ രാസാവശിഷ്ടങ്ങളും ഘനലോഹങ്ങളും ഉള്ളിലാക്കി മീനുകൾ വിഷവാഹിനികളായി മാറി. ഇതുമൂലം ആരോഗ്യപ്രശ്നങ്ങൾ അഭൂതപൂർവ്വമായി വർദ്ധിച്ചു. മാരകമായ രോഗങ്ങൾ പിറന്നു. നഗരങ്ങളിൽ ആധുനിക സൗകര്യങ്ങളുള്ള ആശുപത്രികളുടെ എണ്ണം വർദ്ധിച്ചു. ലാഭകരമായ വ്യവസായമായി അവ വളർന്നു. ഔഷധ നിർമ്മാണ കമ്പനികൾ അഭിവൃദ്ധി പ്രാപിച്ചു.



നാണ്യവിള കൃഷിയിൽ ആദായം വർദ്ധിച്ചതോടെ ഭക്ഷ്യവിള കൃഷി അനാകർഷകമായി. നെൽപ്പാടങ്ങൾ കാർഷികേതര ആവശ്യങ്ങൾക്കായി നികത്തി. കഴിഞ്ഞ ഇരുപത് വർഷത്തിനിടയിൽ നാണ്യവിളതോട്ടങ്ങളുടെ വിസ്തൃതി ക്രമാതീതമായി ഉയർന്നു (റബ്ബർ മാത്രം 16 ശതമാനം). ഭക്ഷ്യവിളകൾക്കുള്ള ഭൂവിനിയോഗം മൊത്തം കൃഷിഭൂമിയുടെ കേവലം 9 ശതമാനമായി ചുരുങ്ങി. സാമ്പത്തിക നേട്ടം മാത്രം ലക്ഷ്യമാക്കിയുള്ള നാണ്യവിളകളുടെ ഏകവിളകൃഷിരീതി ക്രമാതീതമായ മണ്ണൊലിപ്പിനും മണ്ണിന്റെ പോഷകശോഷണത്തിനും വഴിയൊരുക്കി. കഴിഞ്ഞ അരനൂറ്റാണ്ടിൽ നടന്ന ഊർജ്ജിത രാസവളാധിഷ്ഠിത കൃഷിമൂലം കേരളത്തിൽ തെങ്ങ്, കശുവണ്ടി, കുരുമുളക്, കാപ്പി, തേയില, ഏലം, കവുങ്ങ് മുതലായ പ്രധാന കൃഷിവിളകളുടെ ഉല്പാദനക്ഷമത ഏതാണ്ട് മരവിച്ച മട്ടിലായി. ഇതിനുപുറമേ വയനാട് പോലെ ഫലഭൂയിഷ്ഠമായ കേരളത്തിലെ പല മേഖലകളും കടുത്ത ജലക്ഷാമത്തിന്റെ പിടിയിലായി. ഈ വസ്തുതകൾ കേരള സർക്കാർ ഗൗരവമായി പരിഗണിക്കുകയും പതിനൊന്നാം പദ്ധതിയിൽ പ്രശ്ന പരിഹാരത്തിനുള്ള പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകുകയും ചെയ്തിട്ടുണ്ട്.

സാമ്പത്തിക ഉദാരവൽക്കരണവും ലോകവ്യാപാര സംഘടനയുടെ നയങ്ങളുംമൂലം സംഭവിച്ച കാർഷിക വിളകളുടെ വിലയിടിവ് കർഷകരിലുണ്ടാക്കിയ ആഘാതം നിസ്സാരമല്ല. രാസവളങ്ങൾ, കീടനാശിനികൾ, വെള്ളം തുടങ്ങിയവ വർദ്ധിത തോതിൽ ഉപയോഗിക്കാൻ നിർബന്ധിതരായ കർഷകർ അതിനുവേണ്ടി എടുത്ത വായ്പകൾ മൂലം കടക്കെണിയിൽ അകപ്പെട്ടു. ഇത് ആത്മഹത്യാനിരക്ക് വർദ്ധിക്കാൻ ഇടയാക്കി. കൃഷിയുടെ മുതലിറക്ക് കർഷകരിൽ നിന്ന് കാർഷിക വ്യവസായ മേഖലയിലേക്ക് മാറി. അതിന്റെ ഫലമായി കർഷകരുടെ അറ്റാദായം കുറഞ്ഞു. കാർഷിക വ്യവസായികൾ തഴച്ചുവളരുകയും ചെയ്തു.

ദേശീയ/ബഹുരാഷ്ട്രകുത്തകകൾക്ക് ചില്ലറ വില്പന രംഗത്ത് കടന്നുകയറാൻ അവസരം നൽകുന്ന ദേശീയനയം ഭക്ഷ്യവസ്തുക്കളിന്മേലുള്ള നമ്മുടെ പരമാധികാരത്തിനും സുരക്ഷിത ഭക്ഷണത്തിനുള്ള അവകാശത്തിനും വലിയൊരു വെല്ലുവിളി ഉയർത്തിയിരിക്കുന്നു. ഭക്ഷ്യകാതങ്ങളുടെ വിപുലീകരണം വൻതോതിലുള്ള കാർബണിക വിഘടനത്തിന് കാരണമായി. ജനിതകമാറ്റം വരുത്തിയ വിളകളും വിത്തിന്മേൽ രാഷ്ട്ര/ബഹുരാഷ്ട്ര കമ്പനികൾ സ്ഥാപിച്ചെടുത്ത കുത്തകാധിപത്യവും ഉയർത്തുന്ന വെല്ലുവിളികൾ കർഷകന്റെ മേൽ കനത്ത ഭാരം അടിച്ചേല്പിച്ചു.

ഹരിതവിപ്ലവത്തിലൂടെ രൂപംകൊണ്ട അധികവിള-രാസവള-കീടനാശിനി കൂട്ടുകെട്ടിനെതിരെയുള്ള യുദ്ധത്തിൽ പരാജയം ഉറപ്പാണെന്ന് മിക്ക കർഷകരും വിശ്വസിക്കുന്നു. ദൈവത്തിന്റെ സ്വന്തം നാടായ കേരളം ഇന്ന് അഭിമുഖീകരിക്കുന്ന അതിരൂക്ഷമായ പരിസ്ഥിതി നാശത്തിനും ജലക്ഷാമത്തിനും പോഷകാഹാര ദൗർലഭ്യത്തിനും പ്രാഥമിക കാർഷിക വിളകളുടെ ഉല്പാദനക്ഷമത കുറഞ്ഞതിനുമൊക്കെ കാരണം ആവാസ വ്യവസ്ഥയുടെ നശീകരണമാണെന്നും കർഷകർ തിരിച്ചറിഞ്ഞിരിക്കുന്നു.

ആവാസവ്യവസ്ഥയെ നശിപ്പിക്കാതെയുള്ള പരമ്പരാഗതകൃഷി രീതിയിലേക്ക് മടങ്ങുകയാണ് ഏക രക്ഷാമാർഗ്ഗമെന്ന് കേരളത്തിലെ കർഷകർക്ക് ബോധ്യമായിത്തുടങ്ങി. 'ജീവിക്കുക, ജീവിക്കാനനുവദിക്കുക' എന്ന അടിസ്ഥാന പ്രമാണത്തിലൂന്നിയ ജൈവ കൃഷിരീതി ദേശീയ അന്തർദേശീയ തലങ്ങളിൽ പ്രചരിക്കാനിടയായത് അപ്രകാരമാണ്.

ജൈവകൃഷി ഒറ്റപ്പെട്ട ഒരു കൃഷിസമ്പ്രദായമല്ല. മൃഗപരിപാലനം, ക്ഷീരോൽപ്പാദനം, കോഴിവളർത്തൽ, പന്നിവളർത്തൽ, വനവൽക്കരണം, തേനീച്ച വളർത്തൽ എന്നിവയെല്ലാം കൂടിച്ചേർത്തൊരു സമഗ്രസമീപനമാണിത്. നമുക്ക് ചുറ്റുമുള്ള കാർഷികേതരമായ ജൈവവൈവിദ്ധ്യവും കൂടിച്ചേർന്നതാണ് നമ്മുടെ ആവാസവ്യവസ്ഥ.

കീടനാശിനി പ്രയോഗത്തിന്റെ ദോഷഫലങ്ങളെക്കുറിച്ച് ഉപഭോക്താക്കളും ഇന്ന് ഏറെക്കുറെ ബോധവാന്മാരാണ്. അതിനാൽ ജൈവഭക്ഷ്യ ഉല്പന്നങ്ങൾക്ക് അനുദിനം ആവശ്യക്കാർ വർദ്ധിച്ചുവരുന്നു. അതുകൊണ്ടുതന്നെ ജൈവകൃഷി പ്രോത്സാഹിപ്പിക്കുകയും വിഷമുക്തമായ ഭക്ഷ്യവസ്തുക്കൾ താങ്ങാവുന്ന വിലയ്ക്ക് ജനങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്യുക എന്നത് കേരള സർക്കാരിന്റെ ഒരു പ്രധാന ചുമതലയായി മാറിയിരിക്കുന്നു. ജൈവകൃഷിരീതി പ്രായോഗികമല്ലെന്നും അത് പിൻതുടർന്നാൽ ഭക്ഷ്യോല്പാദനം കുത്തനെ കുറയുമെന്നും രാജ്യം ഒരിക്കൽ കൂടി ഭക്ഷ്യപ്രതിസന്ധിയിൽ അകപ്പെടുമെന്നും ഭയപ്പെടുന്നവരുണ്ട്. അതു തീർത്തും ശരിയല്ല.

ജൈവകൃഷിയിലൂടെ മികച്ച ഉല്പാദനം കൈവരിച്ച കർഷകരുടെ അനേകം വിജയകഥകൾ നമുക്ക് മുന്നിലുണ്ട്. 'ജൈവകൃഷിയും ഭക്ഷ്യസുരക്ഷിതത്വവും' എന്ന വിഷയത്തെ ആസ്പദമാക്കി ലോകഭക്ഷ്യകാർഷിക സംഘടന (FAO) 2007-ൽ സംഘടിപ്പിച്ച അന്താരാഷ്ട്ര സമ്മേളനത്തിന്റെ രേഖയിൽ ഇങ്ങനെ പറയുന്നു: 'ഇന്ന് അന്തർദേശീയ തലത്തിൽ നടക്കുന്ന കൃഷിയെ ജൈവസമ്പ്രദായത്തിലേക്ക് പരിവർത്തനം ചെയ്താൽ വന്യഭൂമിയെ കൃഷിയിടമാക്കി മാറ്റാതെയും രാസവളങ്ങൾ പ്രയോഗിക്കാതെയും ഒരു വ്യക്തിക്ക് പ്രതിദിനം 2640-4380 കിലോ കലോറി എന്ന തോതിൽ ഭക്ഷ്യവസ്തുക്കൾ ഉല്പാദിപ്പിക്കാനാകും. ഊർജ്ജിത ജൈവകൃഷി പ്രചാരണത്തിലൂടെ വികസ്വര രാഷ്ട്രങ്ങളിൽ 56 ശതമാനം ഉല്പാദനവർദ്ധന കൈവരിക്കാൻ കഴിയും. വൻ മുതലിറക്ക് ആവശ്യമായ രാസവളാധിഷ്ഠിത കൃഷിയിൽ നിന്ന് ജൈവകൃഷിയിലേക്ക് മാറുമ്പോൾ തുടക്കത്തിൽ ഉല്പാദനം കുറയുമെങ്കിലും കുറഞ്ഞ മുതൽമുടക്കുമായി താരതമ്യം ചെയ്യുമ്പോൾ ആദായം ഏതാണ്ട് ഇരട്ടി കണ്ട് വർദ്ധിക്കുന്നതായി കാണാം'. ജൈവകൃഷിയിടങ്ങളിൽ മറ്റ് കൃഷിയിടങ്ങളെ അപേക്ഷിച്ച് 33 മുതൽ 56 ശതമാനം വരെ കുറവ് ഊർജ്ജം മാത്രമേ ഉപയോഗിക്കുന്നുള്ളു എന്നും കണ്ടെത്തിയിട്ടുണ്ട്.

ആഗോളതലത്തിൽ ഇപ്പോൾ 22.81 ദശലക്ഷത്തിലധികം ഹെക്ടർ ഭൂമിയിൽ ജൈവകൃഷി നടത്തുന്നുണ്ടെന്നാണ് കണക്ക്. ഏതാണ്ട് 300 ദശലക്ഷം ഡോളറിന്റെ ജൈവ ഭക്ഷ്യവസ്തുക്കൾ വിറ്റഴിയുന്നു. 42,402 ചതുരശ്രമൈൽ വിസ്തൃതിയും 11.3 ദശലക്ഷം ജനങ്ങളുമുള്ള ക്യൂബ പൂർണ്ണമായും ജൈവകൃഷിരീതിയാണ് അവലംബിക്കുന്നതെന്ന കാര്യം ശ്രദ്ധേയമാണ്.

## ജൈവകൃഷി: ലഘുചരിത്രം

രണ്ടാംലോകമഹായുദ്ധകാലം മുതലാണ് കൃഷിയിൽ നാം രാസകീടനാശിനികൾ ഉപയോഗിക്കാനാരംഭിച്ചത്. കീടനാശിനികൾ വിപണിയിലിറങ്ങിയതു മുതൽ തന്നെ അതിന് എതിരായ ആശങ്കകളും പ്രതിരോധങ്ങളും ഉടലെടുത്തിരുന്നു. 1964-ൽ പ്രസിദ്ധീകരിച്ച, റേച്ചൽ കാർസന്റെ "സൈലന്റ് സ്പ്രിംഗ്" ആണ് രാസകീടനാശിനികൾ സൃഷ്ടിക്കുന്ന പാരിസ്ഥിതിക ആഘാതങ്ങളെക്കുറിച്ചുള്ള ശാസ്ത്രീയ തെളിവുകൾ





ആദ്യമായി പുറത്തുകൊണ്ടുവന്നത്. 1970 കളിൽ വികസിത രാജ്യങ്ങളിൽ ഡി.ഡി.റ്റി. നിരോധിച്ചുവെങ്കിലും വികസ്വര രാജ്യങ്ങളിൽ പിന്നീട് അത് പല രൂപത്തിൽ കൃഷിയിടങ്ങളിൽ വന്നുനിറഞ്ഞു. റേച്ചലിന്റെ നിഗമനങ്ങൾ ശരിയാണെന്ന് ക്രമേണ കർഷകർക്കും ശാസ്ത്രസമൂഹത്തിനും ബോദ്ധ്യമായി. ഈ തിരിച്ചറിവിൽ നിന്നാണ് രാസമുക്തമായ കൃഷിരീതിയിലേക്ക് ചിന്തിക്കുന്ന സമൂഹത്തിന്റെ ശ്രദ്ധ തിരിഞ്ഞത്. നിരവധി ഗവേഷകർ ഈ മേഖലയിൽ പരീക്ഷണനിരീക്ഷണങ്ങളിലേർപ്പെടുകയും പരമ്പരാഗതരീതികളുടെ മെച്ചം കണ്ടെത്തി നൂതനമായ മണ്ണ്-വിള പരിപാലന മാതൃകകൾ രൂപപ്പെടുത്തിയെടുക്കുകയും ചെയ്തു.

കഴിഞ്ഞ നാല് അഞ്ച് ദശകങ്ങളായി പ്രായോഗികമായ ഒരു സുസ്ഥിര കൃഷി സമ്പ്രദായം കണ്ടെത്തുവാനുള്ള ശ്രമങ്ങൾ ശാസ്ത്രജ്ഞർ നടത്തിക്കൊണ്ടിരിക്കുകയാണ്. അവരിൽ പ്രഥമഗണനീയനാണ്. 1905 മുതൽ 1924 വരെ ഇൻഡ്യയിൽ കാർഷികോപദേഷ്ടാവായിരുന്ന സർ ആൽബർട്ട് ഹോവാർഡ്. അദ്ദേഹം രചിച്ച 'An Agricultural Testament' ജൈവകൃഷിയെ സംബന്ധിച്ച ആദ്യത്തെ ആധികാരികമായ ഗ്രന്ഥമായി കണക്കാക്കുന്നു. 'ഇൻഡോർ രീതി' എന്ന ജൈവ കംപോസ്റ്റിംഗ് ആദ്യമായി ചിട്ടപ്പെടുത്തിയതും അദ്ദേഹമാണ്.

1970-കളിൽ ബിൽമോളിസനും ഹോൾമെനും ചേർന്ന് നടത്തിയ പെർമാകൾച്ചർ (പെർമനന്റ് അഗ്രികൾച്ചർ) പരീക്ഷണങ്ങൾ ലോകമാസകലം കൃഷിക്കാരിൽ പ്രതീക്ഷ പകർന്നു. കേരളത്തിലും അതിന്റെ പ്രതിഫലനങ്ങൾ ഉണ്ടായി. അനേകം കൃഷിക്കാർ പരീക്ഷണങ്ങൾക്ക് മുതിർന്നു. കേരളത്തിന്റെ ഭൂപ്രകൃതിയും ഉയർന്ന വർഷപാതവും കണക്കിലെടുക്കുമ്പോൾ മണ്ണും വെള്ളവും സംരക്ഷിച്ച് കൃഷിയിടത്തിന്റെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കാൻ ഏറ്റവും അനുയോജ്യമായ മാർഗ്ഗമാണ് അത് എന്ന് അവർ തിരിച്ചറിഞ്ഞു.

അമേരിക്കൻ കൃഷിവകുപ്പിലെ കൃഷി ശാസ്ത്രജ്ഞരായ റോബർട്ട് പാപ്പൻ ഡിക്ക്, ജെയിംസ് പാർ എന്നിവർ 1983-ൽ നൽകിയ പഠന റിപ്പോർട്ട് അനുസരിച്ച് അമേരിക്കൻ കർഷകർ അനുവർത്തിച്ചുവരുന്ന രാസപ്രധാനമായ കൃഷിരീതിക്ക് പകരം വെയ്ക്കാവുന്ന ഒരു സുസ്ഥിര കൃഷി സമ്പ്രദായം രൂപപ്പെടുത്തുന്നതിനുള്ള ഗവേഷണ പഠനങ്ങൾ അനിവാര്യമാണെന്ന് ശുപാർശ ചെയ്തിരുന്നു.

1984-ലെ കുപ്രസിദ്ധമായ ഭോപ്പാൽ ദുരന്തം ഇന്ത്യയിലും ലോകത്താകമാനവും വലിയൊരു വിഭാഗം ജനങ്ങളുടെ കണ്ണ് തുറപ്പിച്ചു. ബദൽ സംവിധാനത്തെക്കുറിച്ചുള്ള ചർച്ചകൾ അങ്ങനെ സജീവമായി. പ്രകൃതി കൃഷിയുടെ പ്രവാചകനായ ജപ്പാനിലെ മസനോബു ഫുക്കുവോക്ക (കൃഷിക്കാരനായി മാറിയ കൃഷി ശാസ്ത്രജ്ഞൻ) 'ഒറ്റ വയ്ക്കോൽ വിപ്ലവം' (One Straw Revolution) എന്ന പുസ്തകത്തിൽ പകർത്തിയ അരനൂറ്റാണ്ടുകാലത്തെ അനുഭവപാഠങ്ങളും 1985-ൽ പുറത്തിറങ്ങിയ, ആ പുസ്തകത്തിന്റെ മലയാള പരിഭാഷയും കേരളത്തിൽ പ്രകൃതി കൃഷിയുടെ സാദ്ധ്യതയെക്കുറിച്ചുള്ള ചർച്ചകളെ സജീവമാക്കി. ആ തത്വത്തിൽ ആകൃഷ്ടരായ അനേകം പേർ സ്വന്തം കൃഷിയിടങ്ങളിൽ ജൈവകൃഷിരീതി ധൈര്യസമേതം പരീക്ഷിച്ചു.

ഇതേകാലഘട്ടത്തിൽത്തന്നെ ആന്ധ്ര, കർണ്ണാടക, തമിഴ്നാട്, ഗുജറാത്ത്, മഹാരാഷ്ട്ര, പഞ്ചാബ്, കേരളം എന്നീ സംസ്ഥാനങ്ങളിൽ കൃഷിയുടെ നിലനിൽപ്പിനെ കുറിച്ചുള്ള ആശങ്കകൾ പ്രതിഫലിക്കുന്ന ഗൗരവതരമായ ചർച്ചകൾ നടന്നു. ബാഹ്യ ഏജൻസികളെ പൂർണ്ണമായും ആശ്രയിച്ചുള്ള കൃഷിരീതി സാമ്പത്തികമായ പരാധീനതകളിലേക്ക് നയിക്കുന്നു എന്നു കണ്ട കർഷകർ ഹതാശരായി. കാർഷിക പ്രതിസന്ധിക്ക് അത് വഴിതെളിയിക്കുമെന്ന തിരിച്ചറിവിൽ, ബദൽ സംവിധാനങ്ങളെക്കുറിച്ചുള്ള ചിന്തകൾ സജീവമായി. പരാശ്രയം പരമാവധി കുറച്ച് കുറഞ്ഞ ചെലവിൽ കൃഷി ഇറക്കുന്ന രീതി (LEISA-Low External Input Sustainable Agriculture) അങ്ങനെ ഉരുത്തിരിഞ്ഞുവന്നു. ചെറുകിട-ഇടത്തരം കർഷകർക്കിടയിൽ അത് പ്രചുരപ്രചാരം നേടി. 1990-കളുടെ ഒടുവിൽ തുടങ്ങിയ കാർഷികപ്രതിസന്ധി ഈ പ്രസ്ഥാനത്തെ കൂടുതൽ ശക്തിപ്പെടുത്തി).

ആധുനിക കൃഷിരീതിയുടെ ആപത്തുകളെക്കുറിച്ച് കർഷകരും കർഷകസംഘടനകളും ശക്തമായ ആശയവിനിമയം നടത്തി. അതിലൂടെ ജൈവകൃഷി ഒരു സജീവ പ്രസ്ഥാനമായി രൂപം പ്രാപിച്ചു. സ്ത്രീശാക്തീകരണം, വിത്ത് സംരക്ഷണം, വിത്ത് ബാങ്കുകൾ, മൂല്യവർദ്ധിത ഉല്പന്നങ്ങൾ, ഭക്ഷ്യ-പോഷക സുരക്ഷ എന്നിങ്ങനെ വിവിധ മേഖലകളിൽ അതിന്റെ ഫലങ്ങൾ ദൃശ്യമായി. 10-15 വർഷങ്ങൾക്കുള്ളിലുണ്ടായ ഈ പരിവർത്തനം സമ്മാനിച്ച നേട്ടങ്ങൾ അത്യധികം ഉത്തേജകജനകമാണ്.

ഇന്ന് കേരളത്തിൽ വിദേശ വിപണി ലക്ഷ്യമാക്കി ജൈവകൃഷി മുറയിൽ സുഗന്ധ വ്യഞ്ജനങ്ങൾ, ചായ, കാപ്പി തുടങ്ങിയ നാണ്യവിളകൾ കൃഷിചെയ്യുന്ന ഒട്ടേറെ സർട്ടിഫൈഡ് ജൈവകർഷകരുണ്ട്. നല്ല ആഹാരവും ജൈവസംരക്ഷണവും ലക്ഷ്യമാക്കി ഭക്ഷ്യവിളകൾ കൃഷിചെയ്യുന്ന, ഔപചാരിക അംഗീകാരമൊന്നും ആഗ്രഹിക്കാത്ത വലിയൊരു കൂട്ടം ജൈവകർഷകരും നമ്മുടെ നാട്ടിൽ ഉണ്ട്. സർട്ടിഫിക്കേഷനിൽ സഹായിക്കാൻ ഇന്ന് കേരളത്തിൽ ഒരു അക്രഡിറ്റഡ് ഏജൻസി നിലവിലുണ്ട്.

പൊക്കാളി, കായ്പാട് തുടങ്ങിയ കേരളത്തിന്റെ പരമ്പരാഗത കൃഷിമുറകളും വയനാട്ടിൽ കൃഷി ചെയ്തുപോന്ന ജീരകശാല, ഗന്ധകശാല തുടങ്ങിയ നെല്ലിനങ്ങളും കേരളത്തിലുടനീളം വ്യാപകമായിരുന്ന പുരയിട കൃഷിയും ജൈവകൃഷിയുടെ പ്രായോഗികതയ്ക്ക് ഉദാത്തമായ തെളിവുകളാണ്. കേരളത്തിലെ 'വീട്ടുവളപ്പിലെ കൃഷി' മറ്റെവിടത്തെക്കാളും ലാഭകരവും മാതൃകാപരവുമാണെന്ന് പല പഠനങ്ങളും വ്യക്തമാക്കിയിട്ടുണ്ട്. തൃശ്ശൂരിലെ അടാട്ട് പഞ്ചായത്തിൽ 2500 ഏക്കറിൽ ഈ അടുത്ത് പരീക്ഷിച്ച ജൈവ നെൽകൃഷി, വയനാട്ടിലെ മാരപ്പൻ മൂലയിൽ നൂറുകണക്കിന് കർഷകരെ പങ്കെടുപ്പിച്ചു നടത്തിയ മാതൃകാ ജൈവകൃഷി തുടങ്ങിയവ വിജയഗാഥകളായി നമ്മുടെ മുന്നിലുണ്ട്.

ജൈവഉൽപ്പന്നങ്ങൾക്ക് കേരളത്തിൽ വിപണി വലിയൊരു പ്രശ്നമല്ലെന്ന് തിരുവനന്തപുരത്തെ ഓർഗാനിക് ബസാറും തൃശ്ശൂരിലും കോഴിക്കോട്ടുമുള്ള ഇക്കോ ഷോപ്പുകളും കണ്ണൂരിലെ ജൈവകൃഷി സേവനകേന്ദ്രവും നമ്മെ നിരന്തരം ഓർമ്മിപ്പിക്കുന്നു. പല ഗ്രാമപഞ്ചായത്തുകളും ഇപ്പോൾ ജൈവകൃഷി ഏറ്റെടുത്തു നടത്താൻ വനിതാ സ്വയം സഹായസംഘങ്ങളെ പ്രോൽസാഹിപ്പിക്കുകയും സഹായിക്കുകയും ചെയ്തുവരുന്നു.





മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ കൃഷിയിൽ രാസവള, കീടനാശിനികളുടെ ഉപയോഗം കുറവാണെന്നത്, ഇവിടെ ജൈവകൃഷി ഊർജ്ജിതമാക്കുന്നതിനുള്ള പരിശ്രമങ്ങൾക്ക് ഉത്തേജനം നൽകുന്നു. 2002-2003-ൽ രാസവളങ്ങളുടെയും കീടനാശിനികളുടെയും ദേശീയ ശരാശരി ഉപഭോഗം ഹെക്ടറിൽ യഥാക്രമം 90 കിലോഗ്രാം, 226 ഗ്രാം എന്ന തോതിലായിരുന്നുവെങ്കിൽ കേരളത്തിൽ അത് യഥാക്രമം 60 കിലോഗ്രാം, 224 ഗ്രാം എന്ന നിരക്കിലായിരുന്നു. ഇതിൽ നിന്നുതന്നെ കേരളം രാസവള, കീടനാശിനി പ്രയോഗത്തിൽ ഏറെ പിന്നിലാണെന്നും ജൈവകൃഷിയിലേക്ക് കർഷകരെ മടക്കി കൊണ്ടുവരുന്നതിനുള്ള സാദ്ധ്യത കൂടുതലാണെന്നും കാണാം.

ഈ യാഥാർത്ഥ്യങ്ങൾ ഉൾക്കൊണ്ട് സംസ്ഥാന കൃഷിവകുപ്പ് 2002-2003-ൽ തന്നെ ജൈവകൃഷി പ്രോത്സാഹന പദ്ധതികൾക്ക് തുടക്കം കുറിക്കുകയുണ്ടായി. അടുത്ത വർഷം തന്നെ സുസ്ഥിര കൃഷിയും ജൈവകൃഷിരീതിയും പ്രോത്സാഹിപ്പിക്കുന്നതിനായി വകുപ്പിൽ ഒരു സെൽ സ്ഥാപിച്ചു. 'കേരളാ ഓർഗാനിക്', 'കേരള നാച്ചുറൽസ്' എന്നീ രണ്ട് ബ്രാൻഡുകളിൽ ജൈവഉല്പന്നങ്ങൾ വിപണിയിലെത്തിച്ചു. ഇപ്പോൾ സംസ്ഥാനത്ത് ഏതാണ്ട് ഏഴായിരം കർഷകർ NPOP നിലവാരം അനുസരിച്ച് 5750 ഹെക്ടറിൽ ജൈവകൃഷി നടത്തുന്നുണ്ട്. എന്നാൽ സർട്ടിഫിക്കേഷൻ ഇല്ലാതെ തന്നെ ജൈവകൃഷി നടത്തുന്ന കൃഷിയിടങ്ങളുടെ വിസ്തൃതി ഇതിലുമധികം വരുമെന്നാണ് അനുമാനം.

## ജൈവകൃഷിയുടെ മേന്മകൾ

1. കൃഷി, കൂടുതൽ ലാഭകരവും സുസ്ഥിരവും മാന്യവുമായ തൊഴിലാക്കി മാറ്റുന്നു.
2. മണ്ണൊലിപ്പും ലവണനഷ്ടവും ഒഴിവാക്കി മണ്ണിന്റെ ഉല്പാദനക്ഷമത നിലനിർത്തുന്നു.
3. സസ്യലതാദികൾ, സൂക്ഷ്മജീവികൾ, പുല്ല്, പുഴു, പക്ഷിമൃഗാദികൾ എന്നിവയുൾപ്പെട്ട നമ്മുടെ ജൈവവൈവിദ്ധ്യത്തെ സമ്പുഷ്ടമാക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നു.
4. ജലസംരക്ഷണവും ജലത്തിന്റെ പരിമിത ഉപയോഗവും സാദ്ധ്യമാക്കുന്നു.
5. സുസ്ഥിരമായ ഉൽപ്പാദനം സാദ്ധ്യമാക്കുംവിധം കാർഷിക ആവാസ വ്യവസ്ഥയെയും ഭൂമിയുടെ സഹജഗുണങ്ങളെയും മെച്ചപ്പെടുത്തുന്നു.
6. സ്വന്തം കൃഷിയിടത്തിലെ പുനരുപയോഗയോഗ്യമായ ജൈവസമ്പത്തുകൾ പ്രയോജനപ്പെടുത്തുന്നു.
7. പുനരുപയോഗയോഗ്യമായ ഊർജ്ജ സ്രോതസുകൾ—ഇന്ധനങ്ങൾക്കു ബദലായ സ്രോതസുകളും കാർഷിക ഉപകരണങ്ങളും—ഉപയോഗിക്കുന്നതിനെ പ്രോൽസാഹിപ്പിക്കുന്നു.
8. ജൈവകൃഷിയുടെ അവിഭാജ്യഘടകമായ കന്നുകാലി വളർത്തൽവഴി ഭൂമിയുടെ ഫലപുഷ്ടിയും കർഷകന്റെ വരുമാനവർദ്ധനവും സാദ്ധ്യമാകുന്നു.
9. മാലിന്യമുക്തമായ വായു, വെള്ളം, മണ്ണ്, പ്രകൃതിയിലെ സഹജമായ ആവാസവ്യവസ്ഥ എന്നിവ ഉറപ്പാക്കുന്നു.

10. കാർഷിക ജൈവവൈവിദ്ധ്യം മെച്ചപ്പെടുത്തുന്നു (വിളകളിലും ഇനങ്ങളിലും).
11. വരുംതലമുറയ്ക്ക് പ്രയോജനപ്പെടുംവിധം കൃഷി, സംസ്കരണം, വിത്തു സംരക്ഷണം എന്നിവയിലെ പരമ്പരാഗത അറിവുകളെ സംരക്ഷിക്കുകയും അവയുടെ മേന്മ വർദ്ധിപ്പിക്കുകയും ചെയ്യുന്നു.
12. പ്രാദേശിക സാഹചര്യങ്ങൾക്കനുയോജ്യമായ വിഭവങ്ങളും ഉൽപ്പാദനമുറകളും പിൻതുടരുക വഴി ഉൽപ്പാദന ചെലവ് കുറയ്ക്കാൻ സഹായിക്കുന്നു.
13. ആരോഗ്യദായകവും പോഷക സമൃദ്ധവുമായ ഭക്ഷ്യവസ്തുക്കളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുക വഴി ആരോഗ്യകരമായ ഒരു ഭക്ഷണരീതി വളർത്തിയെടുക്കാൻ കഴിയുന്നു.
14. ഭക്ഷ്യകാതങ്ങൾ കുട്ടി അന്തരീക്ഷത്തിലെ കാർബണിക നിർഗമനം കുറയ്ക്കുന്നു.

ജൈവകൃഷിയുടെ പ്രാധാന്യം, രാസവള-കീടനാശിനി പ്രയോഗം സൃഷ്ടിക്കുന്ന ആരോഗ്യപ്രശ്നങ്ങൾ എന്നിവ കണക്കിലെടുത്ത് സംസ്ഥാന സർക്കാർ അതിന്റെ ജൈവവൈവിദ്ധ്യ സംരക്ഷണതന്ത്രങ്ങളിലും കർമ്മപരിപാടികളിലും ഒരു ജൈവകൃഷി നയത്തിന്റെ അനിവാര്യത എടുത്തു പറയുന്നുണ്ട്. നമ്മുടെ സമൃദ്ധമായ ജൈവ വൈവിദ്ധ്യത്തിന്റെയും അവയെ ആശ്രയിച്ച് കഴിയുന്ന ജീവജാലങ്ങളുടെയും നിലനിൽപ്പ് ഉറപ്പാക്കാൻ അതനിവാര്യമാണെന്ന് പ്രസ്തുതരേഖ എടുത്തു പറയുന്നു.

## ജൈവകൃഷിനയം, കർമ്മ പദ്ധതി

### ലക്ഷ്യങ്ങൾ

1. കൃഷിയെ സുസ്ഥിരവും ലാഭകരവും മാന്യവുമായ ഒരു തൊഴിൽ സംസ്കാരമായി വളർത്തുക.
2. മണ്ണിന്റെ സഹജമായ പോഷകഗുണങ്ങളും ഉൽപ്പാദനക്ഷമതയും ഉയർത്തുക.
3. ജല-മണ്ണ് സംരക്ഷണം ഉറപ്പ് വരുത്തുക.
4. കാർഷിക ജൈവ സുരക്ഷിതത്വവും ഭക്ഷ്യ, പോഷകഗുണ സുരക്ഷിതത്വവും ഉറപ്പാക്കുക.
5. കർഷകരുടെ നിയന്ത്രണത്തിൽ ജൈവ കാർഷികോൽപ്പന്നങ്ങളുടെ ആഭ്യന്തര വിപണി രൂപപ്പെടുത്തുകയും ഉറപ്പുവരുത്തുകയും ചെയ്യുക.
6. കാർഷിക രാസവസ്തുക്കളുടേയും മാരകമായ മറ്റ് ഉൽപ്പന്നങ്ങളുടേയും ഉപയോഗം ഒഴിവാക്കുക, രാസ, വിഷമുക്തമായ വെള്ളം, മണ്ണ്, ഭക്ഷണം എന്നിവ ഉറപ്പാക്കുക.
7. വായു, വിത്ത്, ഭക്ഷണം എന്നിവയുടെ പരമാധികാരം ഉറപ്പ് വരുത്തുക.
8. ജൈവവൈവിദ്ധ്യാധിഷ്ഠിതമായ പരിസ്ഥിതി സൗഹൃദ കൃഷി പ്രോൽസാഹിപ്പിക്കുക.





9. കൃഷിക്കുപയോഗിക്കുന്ന വസ്തുക്കളുടേയും കാർഷിക വിളകളുടേയും ഗുണനിലവാരം ഉറപ്പാക്കുക.
10. സുസ്ഥിരമായ കാർഷിക ഭക്ഷ്യവസ്തുക്കളും മറ്റുൽപ്പന്നങ്ങളും ലഭ്യമാക്കി മനുഷ്യന്റെ ആരോഗ്യസംരക്ഷണം ഉറപ്പാക്കുക.
11. കൃഷിയുമായി ബന്ധപ്പെട്ട പാരമ്പര്യ അറിവുകൾ സംരക്ഷിക്കുകയും പ്രയോജനപ്പെടുത്തുകയും ചെയ്യുക.

ജൈവകൃഷിയുടെ ലക്ഷ്യങ്ങൾ ഭക്ഷ്യ കാർഷിക സംഘടന (FAO) ഇങ്ങനെ വിലയിരുത്തുന്നു:

വർദ്ധിച്ച ഉൽപ്പാദനം, വൈവിധ്യവൽക്കരണം, പ്രകൃതി വിഭവങ്ങളുടെ സംരക്ഷണം, ചൂഷണ മുക്തമായ വർദ്ധിച്ച വരുമാനം എന്നിവ വഴി ജൈവകൃഷി കൂടുതൽ ഭക്ഷ്യ വസ്തു ലഭ്യതയ്ക്കു കർഷകരെ പര്യാപ്തരാക്കുന്നു. കർഷകർ പരസ്പരം അറിവുകൾ പങ്കുവെയ്ക്കുക വഴി ഈ പ്രക്രിയ മെച്ചപ്പെടുത്താനാകുന്നു. ഇത് ദാരിദ്ര്യ ലഘൂകരണത്തിനും ഗ്രാമങ്ങളിൽ നിന്ന് നഗരങ്ങളിലേക്കുള്ള കുടിയേറ്റം തടയുന്നതിനും സഹായകമാകുന്നു. വിത്തുകളിൻമേൽ കർഷകനുള്ള പരമാധികാരം, പ്രാദേശിക വിളകൾക്കുള്ള പ്രാധാന്യം, ജൈവവൈവിധ്യ സംരക്ഷണം, ചൂഷണ വിമുക്തമായ വിപണന സംവിധാനം (ഫെയർ ട്രേഡ് സമ്പ്രദായം) അടിയന്തിരമായി വേണ്ടി വരുന്ന സഹായങ്ങൾ, പരമ്പരാഗത കൃഷിക്കാരുടെ അവകാശ സംരക്ഷണം തുടങ്ങിയ കാര്യങ്ങളിൽ ക്ഷേമപരമായ നിലപാടുകൾ സ്വീകരിക്കുക വഴി ജൈവഭക്ഷ്യ വസ്തുക്കളുടെ ലഭ്യത ഗണ്യമായി ഉയർത്താൻ കഴിയും.

### തന്ത്രങ്ങളും കർമ്മപദ്ധതിയും

<u>പൊതുസമീപനം:</u> അനുയോജ്യമായ വിളകളും പ്രദേശങ്ങളും കേന്ദ്രീകരിച്ച്, കൃഷി യോഗ്യമായ മൊത്തം ഭൂമിയിൽ ഓരോ വർഷവും കുറഞ്ഞത് 10 ശതമാനം എന്ന തോതിൽ പൂർണ്ണമായും ജൈവകൃഷിയിലേക്ക് പരിവർത്തനം ചെയ്ത് ഘട്ടംഘട്ടമായി അഞ്ച് വർഷം മുതൽ പത്ത് വർഷം കൊണ്ട് കേരളത്തെ സമ്പൂർണ്ണ ജൈവകൃഷി സംസ്ഥാനമായി മാറ്റുക. ജൈവകൃഷി നയം തുടങ്ങി മൂന്നുവർഷം കഴിയുമ്പോൾ ജൈവ കർഷകരും, ശാസ്ത്രജ്ഞന്മാരും അടങ്ങിയ ഒരു വിദഗ്ധ സമിതിയെക്കൊണ്ട് ഒരു സമഗ്ര (കർഷകക്ഷേമ-സാമ്പത്തിക-പരിസ്ഥിതി) വിലയിരുത്തൽ നടത്തി അതിന്റെ ന്യൂനതകൾ പരിഹരിച്ചുകൊണ്ടായിരിക്കണം കൂടുതൽ വ്യാപകമായി ജൈവകൃഷി നടപ്പിലാക്കേണ്ടത്.

### ജൈവകർഷകന്റെ നിർവ്വചനം:

താഴെ പറയുന്ന മൂന്ന് ജൈവകൃഷിയുടെ പ്രധാന ഘടകങ്ങളെ ഉൾക്കൊണ്ട് അവ പ്രാവർത്തികമാക്കുന്ന കർഷകനെയാണ് ജൈവകൃഷിക്കാരൻ എന്നുപറയുക.

1. ഭക്ഷ്യവിളകൾ ഉൾപ്പെടെ സമ്മിശ്ര കൃഷി രീതിയിലൂടെ നടപ്പാക്കുന്ന കൃഷി സമ്പ്രദായം അനുവർത്തിക്കുന്ന കർഷകൻ.
2. മണ്ണ്, ജല സംരക്ഷണ മാർഗ്ഗങ്ങൾ ഉറപ്പാക്കുന്ന കർഷകൻ.
3. ജൈവവൈവിധ്യ സംരക്ഷണം കൃഷിയിടത്തിൽ കൃത്യമായി നടപ്പാക്കുന്ന കർഷകൻ.



1/711/2010/DTP.

തന്ത്രം 1

വിത്തിന്മേൽ കൃഷിക്കാരുടേയും സംസ്ഥാനത്തിന്റെയും പരമാധികാരം ഉറപ്പാക്കുക.

### പ്രവർത്തനം

1.1. ജൈവവിത്തുകൾക്കു മാത്രമായി സീഡ് വില്ലേജ് (വിത്ത് ഗ്രാമങ്ങൾ) സ്ഥാപിക്കുക.

1.1(a) പഞ്ചായത്ത് തലത്തിൽ വിത്ത്, തൈകൾ, നടീൽ വസ്തുക്കൾ, പരമ്പരാഗത യിനം വളർത്തു മൃഗങ്ങൾ എന്നിവയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുകവഴി നല്ലയിനം പ്രാദേശിക വിത്തിനങ്ങളുടെ-തദ്ദേശീയ ഇനങ്ങളുടെയും കാർഷിക സർവ്വകലാശാലയും മറ്റു ഗവേഷണ സ്ഥാപനങ്ങളും വികസിപ്പിച്ചെടുത്ത മുന്തിയ ഇനം വിത്തുകളുടേയും കാര്യത്തിൽ സ്വയം പര്യാപ്തത നേടുന്നതിന് പദ്ധതി ആവിഷ്കരിക്കുക.

1.1(b) പരമ്പരാഗത, പ്രാദേശിക സവിശേഷതകളുള്ളത് (location specific) ഉൾപ്പെടെയുള്ള നല്ലയിനം വിത്തുകൾ ഉൽപ്പാദിപ്പിക്കുന്നതിനും ശേഖരിക്കുന്നതിനും പങ്കുവയ്ക്കുന്നതിനുമായി കർഷക സംഘങ്ങളുടെ തലത്തിൽ സീഡ് ബാങ്കുകളും സീഡ് സഹകരണ സ്ഥാപനങ്ങളും ആരംഭിക്കുക.

1.1(c) കാർഷിക സർവ്വകലാശാലയും മറ്റു ഗവേഷണസ്ഥാപനങ്ങളുമായി ചേർന്ന് പങ്കാളിത്താടിസ്ഥാനത്തിൽ ജൈവരീതിയിൽ ഉൽപ്പാദിപ്പിച്ച വിത്തുകൾ വികസിപ്പിച്ചെടുക്കാനും അതിനുള്ള പദ്ധതികൾ ആവിഷ്കരിക്കാനും സന്നദ്ധതയുള്ള കർഷകരെ പ്രോൽസാഹിപ്പിക്കുക.

1.1(d) പരമ്പരാഗത സ്റ്റോറേജ്/സംരക്ഷണ മാർഗ്ഗങ്ങൾ അവലംബിച്ച് സ്റ്റോറേജ് സംവിധാനം വിപുലീകരിക്കുക.

1.2. ജനിതക പരിവർത്തനം നടത്തിയതുൾപ്പെടെ ഗുണനിലവാരം കുറഞ്ഞ വിത്തുകളുടെ ആധിപത്യത്തിൽ നിന്ന് കർഷകരെ രക്ഷിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ ജൈവവൈവിധ്യ മാനേജ്മെന്റ് കമ്മിറ്റികളുടെ നേതൃത്വത്തിൽ അതതു പ്രദേശങ്ങളിൽ ഉൽപ്പാദിപ്പിക്കുന്നതും വിൽക്കുന്നതും കൈമാറ്റം ചെയ്യുന്നതും പങ്കുവയ്ക്കുന്നതുമായ വിത്തുകളുടെ ഉറവിടം സ്പഷ്ടമാക്കുന്നതിന് നിയമ വ്യവസ്ഥകൾ ഏർപ്പെടുത്തുക.

1.3. ജനിതക പരിവർത്തിത വിള വിമുക്ത ഗ്രാമം/സംസ്ഥാനം ഉറപ്പാക്കുക.

1.4. വിത്തുകളുടെ വില നിയന്ത്രിക്കുന്നതിന് സംവിധാനമേർപ്പെടുത്തുക.

1.5. ഓരോ കാർഷിക കാലാവസ്ഥാമേഖലയിലും അനുയോജ്യമായ വിത്തുകൾ ലഭ്യമാക്കുന്നുവെന്ന് ഉറപ്പാക്കുക.





തന്ത്രം 2

സംസ്ഥാനത്ത് ഘട്ടം ഘട്ടമായി ജൈവകൃഷിനയം നടപ്പാക്കുക.

### പ്രവർത്തനം

2.1 സംസ്ഥാനത്ത് നിലവിലുള്ള സർട്ടിഫൈഡും അല്ലാത്തതുമായ ജൈവകൃഷിയിടങ്ങൾ, കൃഷി ചെയ്യാത്ത ജൈവ സമ്പുഷ്ട പ്രദേശങ്ങൾ എന്നിവ സംബന്ധിച്ച് ഒരു പ്രാഥമിക വിലയിരുത്തൽ നടത്തുക.

2.2 ധാന്യം, പഴം, പച്ചക്കറി തുടങ്ങിയ വാർഷിക വിളകൾ അഞ്ചു വർഷം കൊണ്ടും ദീർഘകാല വിളകൾ പത്ത് വർഷംകൊണ്ടും സമ്പൂർണ്ണമായും ജൈവകൃഷി ആക്കണമെന്നുള്ള ലക്ഷ്യം കൈവരിക്കുവാൻ വേണ്ടിയുള്ള ഒരു പ്രവർത്തന പദ്ധതിക്ക് രൂപം നൽകുക.

2.3 സംസ്ഥാനത്ത് സമയബന്ധിതമായി ജൈവകൃഷി വ്യാപിപ്പിക്കുന്നതിന് ബജറ്റ് അടക്കമുള്ള വ്യക്തമായ ഒരു കർമ്മ പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ആസൂത്രണ പ്രവർത്തനത്തിൽ സന്നിവേശിപ്പിക്കുക.

2.4 വെള്ളപ്പൊക്ക ബാധിത ജില്ല, വരൾച്ച ബാധിത പ്രദേശം, ഭക്ഷ്യവിളകൾ ഉൽപ്പാദിപ്പിക്കുന്ന ജില്ലകൾ, മലയോര കൃഷി പ്രദേശങ്ങൾ, തീരദേശ നീർത്തടങ്ങൾ, ആദിവാസി പ്രദേശങ്ങൾ തുടങ്ങി വൈവിധ്യമാർന്ന ഘടകങ്ങളും സങ്കീർണ്ണമായ പ്രശ്നങ്ങളുമുള്ള പ്രദേശങ്ങൾക്ക് മുൻതൂക്കം നൽകി പ്രവർത്തന പദ്ധതികൾ ആവിഷ്കരിക്കുക.

2.5 കേരളത്തിലെ ആദിവാസി മേഖലകളിൽ ആരംഭിക്കുന്ന കൃഷി പൂർണ്ണമായും ജൈവ കൃഷി രീതിയിലായിരിക്കണം.

തന്ത്രം 3

ജൈവകൃഷിയിൽ 'കോംപാക്ട് ഏരിയാ ഗ്രൂപ്പ്' സമീപനം സന്നിവേശിപ്പിക്കുക.

### പ്രവർത്തനം

3.1 കാർഷികോൽപ്പന്നങ്ങൾ, കാർഷിക ഉപകരണങ്ങൾ, വിത്ത്, തൈകൾ, നടീൽ വസ്തുക്കൾ എന്നിവയുടെ ഉൽപ്പാദനം, സർട്ടിഫിക്കേഷൻ, വിപണനം എന്നിവയ്ക്കായി ജൈവകർഷക സംഘങ്ങൾ, പ്രത്യേകിച്ചും വനിതാ കർഷക സംഘങ്ങൾ, പരിസ്ഥിതി സംഘങ്ങൾ, ക്ലബ്ബുകൾ, സ്വയം സഹായ സംഘങ്ങൾ, സഹകരണ സംഘങ്ങൾ തുടങ്ങിയവ രൂപീകരിക്കുന്നതിനെ പ്രോൽസാഹിപ്പിക്കുക.

3.2 ഒരു ഗ്രൂപ്പിൽ കുറഞ്ഞത് അഞ്ച് പേർ ഉണ്ടായിരിക്കണം (പാർട്ടിസിപ്പേറ്ററി ഗ്യാരന്റി സിസ്റ്റം ഓഫ് സർട്ടിഫിക്കേഷൻ നിബന്ധന പ്രകാരം).

3.3 കേരള വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ (VFPCK) മാരപ്പൻമൂല സഹകരണ സൊസൈറ്റി, അടാട്ട് നെൽ സഹകരണ സംഘം, ശാലസ, കണ്ണൂർ കൃഷി വിജ്ഞാൻ കേന്ദ്രത്തിലെ കോംപാക്ട് ഏരിയാ ഗ്രൂപ്പ് അപ്രോച്ച് തുടങ്ങിയ മാതൃകകൾ സ്വീകരിക്കാവുന്നതാണ്.

3.4 കുടുംബശ്രീ സംഘം, വന സംരക്ഷണ സമിതി, ഗ്രാമ ഹരിത സമിതി, തീര സംരക്ഷണ സമിതി തുടങ്ങിയ സംവിധാനങ്ങളെ ജൈവകൃഷി സംരംഭങ്ങൾ ഏറ്റെടുക്കുന്നതിന് പ്രോൽസാഹനം നൽകുക.

തന്ത്രം 4

മണ്ണ്, ജല സംരക്ഷണ ഉപാധികൾ ഉറപ്പുവരുത്തുക.

### പ്രവർത്തനം

4.1 നിലവിലുള്ള കാവുകളും, കുളങ്ങളും, കണ്ടൽക്കാടുകളും സംരക്ഷിത പ്രദേശങ്ങളായി പ്രഖ്യാപിച്ച് സംരക്ഷിക്കേണ്ടതാണ്.

4.2 നീർമറി വികസന പ്രദേശങ്ങളിൽ ജൈവകൃഷി സമീപനം ഉറപ്പാക്കുക, നിലവിലുള്ള നീർമറി പദ്ധതികൾ മുഖേന മണ്ണ്, ജലസംരക്ഷണത്തിന് പരിശീലനവും സാമ്പത്തിക സഹായവും ലഭ്യമാക്കുക.

4.3 നീർമറി പരിശീലന പ്രവർത്തനങ്ങളിൽ ഇപ്പോൾ ഏർപ്പെട്ടിരിക്കുന്ന വിവിധ സ്ഥാപനങ്ങളുമായി സംയോജിച്ച് ജൈവകൃഷിയെ പദ്ധതിയിൽ ഒരു മുഖ്യഘടകമായി മാറ്റുക.

4.4 സൂക്ഷ്മ നീർമറി തലങ്ങളിൽ ഭൂപ്രദേശത്തിന്റെ ഘടനയ്ക്കും കാർഷിക പാരിസ്ഥിതിക അവസ്ഥയ്ക്കും അനുയോജ്യമായ കൃഷിരീതികൾ വികസിപ്പിച്ച് പ്രാവർത്തികമാക്കുക. അനഭിലഷണീയമായ വിളകളും കൃഷിമുറകളും നിരുൽസാഹപ്പെടുത്തുക.

4.5 കാർഷിക സർവ്വകലാശാലയും മറ്റു സർക്കാർ ഗവേഷണ സ്ഥാപനങ്ങളും കൃഷി വകുപ്പും കർഷകക്ഷേമ വകുപ്പും കർഷകരുമായി ചേർന്ന് പങ്കാളിത്ത രീതിയിൽ പ്രാദേശികമായി അനുയോജ്യമായ സാങ്കേതിക വിദ്യകളും വിളസമന്വയവും വികസിപ്പിച്ചെടുക്കുക.

4.6 കൃഷി ചെയ്യാതെയിട്ടിരിക്കുന്ന ഭൂമിയിൽ കൃഷി ചെയ്യാൻ ഭൂഉടമകളേയും ഭാഗിക സമയ കർഷകരെയും പ്രേരിപ്പിക്കുന്നതിനു വേണ്ട ധനസഹായം കൊടുക്കുക.

4.7 ശുദ്ധജല തടാകങ്ങൾ ഉൾപ്പെടെയുള്ള പരമ്പരാഗത ജലസ്രോതസുകളുടെ പുനരുജ്ജീവനം, സംരക്ഷണം, മഴവെള്ള സംഭരണം, കുഴൽക്കിണർ നിയന്ത്രണം (പ്രത്യേകിച്ചും ജല ദൗർലഭ്യമുള്ള മേഖലകളിൽ) കിണർ-കുളം സംരക്ഷണം എന്നിവ ഉറപ്പുവരുത്തി ഭൂഗർഭ ജലവിതാനം ഉയർത്തുന്നതിനും മേൽമണ്ണ് സംരക്ഷിക്കുന്നതിനും ആവശ്യമായ നിയമ നിർമ്മാണം നടത്തുക.

4.8 മണ്ണ്, ജലം എന്നിവയുടെ ഗുണനിലവാരം പരിശോധിക്കുന്നതിനും സോയിൽ ഹെൽത്ത് കാർഡ് നൽകുന്നതിനും കുറഞ്ഞത് ബ്ലോക്ക് തലത്തിലെങ്കിലും സംവിധാനം ഏർപ്പെടുത്തുക.

4.9 മണ്ണ്-ജല സംരക്ഷണം, പച്ചില വളം എന്നിവയുടെ ലഭ്യത ഉയർത്തുന്നതിന് ജൈവവേലി നിർമ്മാണം പ്രോൽസാഹിപ്പിക്കുക.

4.10 മണ്ണ്-ജല സംരക്ഷണ മാർഗ്ഗങ്ങളെക്കുറിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ റിസോഴ്സ് പേഴ്സൺമാർക്കായി പരിശീലനങ്ങൾ സംഘടിപ്പിക്കുക.





4.11 കൃഷിയിൽ പ്ലാസ്റ്റിക്കിന്റെ ഉപയോഗം ഒഴിവാക്കുക. പുഷ്പകൃഷിയിൽ കയറു മറ്റു പ്രകൃതിദത്ത നാരുകളും കൊണ്ടുള്ള തണൽ സംവിധാനങ്ങ പ്രോൽസാഹിപ്പിക്കുക.

തന്ത്രം 5

ജീവനോപാധികളുടെ സംരക്ഷണവും പാരിസ്ഥിതിക സുസ്ഥിരതയും ഉറപ്പുവര ത്താൻ മിശ്രിത കൃഷി രീതി പ്രോൽസാഹിപ്പിക്കുക.

### പ്രവർത്തനം

5.1 ജൈവകൃഷിയുടെ ഭാഗമായി, ഉടമസ്ഥതയിലും പരിപാലനത്തിലും സ്ത്രീകൾക പ്രാമുഖ്യം നൽകി, കർഷക കുടുംബങ്ങളിലും ഗ്രൂപ്പുകളിലും കൃഷി-കന്നുകാല പരിപാലനം, വീട്ടുവളപ്പിലെ കോഴിവളർത്തൽ എന്നിവ സംയോജിപ്പിച്ചുള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുക. കേരളത്തിന്റെ പരമ്പരാഗത കൃഷ ശൈലിയായ തെങ്ങ് കൃഷിയിലധിഷ്ഠിതവും കാലിവളർത്തൽ, കോഴി വളർത്ത എന്നിവയുമായി സംയോജിപ്പിച്ചതുമായ ശൈലിക്ക് ഊന്നൽ നൽകേണ്ടതുണ്ട്.

5.2 മിശ്രവിളയുടെ ഭാഗമായി തേനീച്ച വളർത്തൽ, മീൻ വളർത്തൽ, താറാവ വളർത്തൽ, സമാന സംരംഭങ്ങൾ എന്നിവ വികസിപ്പിച്ചെടുക്കുക.

5.3 പ്രാദേശികമായി ലഭ്യമായ വിഭവങ്ങൾ ഉപയോഗിച്ച് വികേന്ദ്രീകൃതാടിസ്ഥാനത്തി ഹോർമോൺ-രാസ വിമുക്ത കാലിത്തീറ്റകൾ ഗുണമേന്മ ഉറപ്പാക്കി ഉൽപ്പാദിപ്പിക്ക ന്നതിന് പ്രോൽസാഹനം നൽകുക.

5.4 മൃഗ ആരോഗ്യ സംരക്ഷണം സംബന്ധിച്ച നാട്ടറിവുകൾ ശേഖരിച്ച് ഡോക്യുമെ ചെയ്ത് പ്രചരിപ്പിക്കുക.

5.5 വളവും തീറ്റകളും പരസ്പരം കൈമാറുന്നതിന് ജൈവ കർഷകരുടേയു കന്നുകാലി കർഷകരുടേയും കൂട്ടായ്മ വളർത്തിയെടുക്കുക.

5.6 നാടൻ വൃക്ഷങ്ങളുടേയും ഔഷധ സസ്യങ്ങളുടേയും മിശ്രിത ജൈവകൃഷ പ്രോൽസാഹിപ്പിക്കുക.

5.7 കർഷകർ പരീക്ഷിച്ച് വിജയിച്ച കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുക.

5.8 പരമാവധി വന, വന്യ വൃക്ഷങ്ങൾ നിലനിർത്തുന്ന ഭൂമിക്ക് നികുതിയിളവുക അനുവദിക്കുക.

തന്ത്രം 6

കാർഷിക ജൈവവൈവിധ്യവും വന്യ ജൈവവൈവിധ്യവും സംരക്ഷിക്കു മെച്ചപ്പെടുത്തുക.

### പ്രവർത്തനം

6.1 ഓരോ പഞ്ചായത്തിലും കൃഷിയിലൂടെയും അല്ലാതെയും ലഭ്യമായ ജൈ വൈവിധ്യവും അതുമായി ബന്ധപ്പെട്ട പരമ്പരാഗത അറിവുകളും പ്രയോഗങ്ങള ഡോക്യുമെന്റ് ചെയ്യുക.

6.2 മാതൃകാ കാർഷിക ജൈവവൈവിധ്യ സംരക്ഷണ ഫാമുകൾ സ്ഥാപിക്കുന്നതിന് സാമ്പത്തിക സഹായം നൽകുക.

6.3 നാടൻ വിത്തുകൾ ശേഖരിക്കുന്നതിനും മേന്മ മെച്ചപ്പെടുത്തുന്നതിനും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും പദ്ധതികൾ ആവിഷ്കരിക്കുക.

6.4 നമ്മുടെ കാർഷിക പൈതൃകത്തിന്റെ അടയാളങ്ങളായ കായ്പ്പാട്, പൊക്കാളി, കോൾ തുടങ്ങിയ പരമ്പരാഗത കൃഷിരീതികളെ സംരക്ഷിക്കുന്നതിന് പ്രോൽസാഹനം നൽകുക.

6.5 നവര, ജീരകശാല, ഗന്ധകശാല തുടങ്ങിയ നെല്ലിനങ്ങൾ കൂടാതെ മറ്റ് വിളകളിലെ നാടൻ ഇനങ്ങളും പ്രചരിപ്പിക്കുക.

തന്ത്രം 7

ജൈവകൃഷി ഊർജ്ജജലമായി പ്രചരിപ്പിക്കുന്നതിനുവേണ്ടി ജൈവകേരളം എന്ന പേരിൽ ഒരു ജനകീയ പ്രചരണ പരിപാടി സംഘടിപ്പിക്കുക.

പ്രവർത്തനം

7.1 എല്ലാ ജില്ലകളിലും ജൈവ ഉൽപ്പന്ന (ഓർഗാനിക്) മേളകൾ സംഘടിപ്പിക്കുക.

7.2 ജൈവ ഉൽപ്പന്നങ്ങളുടെ മേന്മയും രാസകൃഷിയുടെ ദോഷഫലങ്ങളും എടുത്തു കാട്ടുന്നതരത്തിൽ സംസ്ഥാനതല ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക.

7.3 സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളിലും, വിശേഷിച്ചും സ്ത്രീകളിൽ, ജൈവകൃഷിയുടെ സന്ദേശം എത്തിക്കുന്നതിന് ലഘുലേഖകൾ, മാതൃകാപരമായ പ്രവർത്തനങ്ങളുടെ വിജയകഥകൾ, വീഡിയോഫിലിമുകൾ, പോസ്റ്ററുകൾ തുടങ്ങിയവ വികസിപ്പിച്ചെടുക്കുക.

7.4 കർഷകർ, ഉപഭോക്താക്കൾ, അധ്യാപകർ, വ്യാപാരികൾ, സർക്കാർ-അർദ്ധ സർക്കാർ ഉദ്യോഗസ്ഥർ എന്നിവർക്കുവേണ്ടി ശിൽപ്പശാലകൾ, സെമിനാറുകൾ, പരസ്പര പഠന-ആശയ വിനിമയ പരിപാടികൾ എന്നിവ സംഘടിപ്പിക്കുക.

7.5 1954-ലെ ഭക്ഷ്യ മായം ചേർക്കൽ നിയമവും 1955-ലെ ചട്ടങ്ങളും കർശനമായി നടപ്പാക്കുക, കൃഷി ഓഫീസർമാർ, മൃഗഡോക്ടർമാർ, സമാന തസ്തികയിലുള്ളവർ എന്നിവരെ പ്രസ്തുത ആക്ട് പ്രകാരം ഇൻസ്പെക്ടർമാരായി അധികാരപ്പെടുത്തുന്നതിനും ജില്ലാതലത്തിൽ പരിശോധനാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ആവശ്യമായ നിയമ നിർമ്മാണങ്ങൾ നടത്തുക.

7.6 നഗരത്തിലും നാട്ടിൻപുറങ്ങളിലും വീട്ടുവളപ്പിൽ ജൈവ പച്ചക്കറിതോട്ടങ്ങൾ, ജൈവ ഫലവർഗ്ഗത്തോട്ടങ്ങൾ എന്നിവ സ്ഥാപിക്കുന്നതിന് പ്രോൽസാഹനം നൽകുക.





തന്ത്രം 8

കൃഷിക്കാർക്ക് ഗുണനിലവാരമുള്ള ജൈവവളത്തിന്റെ ലഭ്യത ഉറപ്പാക്കുക.

പ്രവർത്തനം

8.1 വിളപരിവർത്തനം, വൃക്ഷവിളകൾ, പച്ചിലവളങ്ങൾ എന്നിവ പ്രോൽസാഹിപ്പിക്കുകവഴി കൃഷിയിടങ്ങളിൽ തന്നെ ജൈവവള ലഭ്യത വർദ്ധിപ്പിക്കുക.

8.2 ജൈവകർഷകർക്ക്/സംഘങ്ങൾക്ക് പരമ്പരാഗത ഇനം പശു, എരുമ, മത്സ്യം, താറാവ്, കോഴി തുടങ്ങിയവ ലഭ്യമാക്കി കൃഷിയിടത്തുതന്നെ ചാണകവും ഗോമൂത്രവും ലഭ്യമാക്കുകവഴി സമീകൃത കൃഷി പ്രോൽസാഹിപ്പിക്കുക.

8.3 പരമ്പരാഗത പശു, എരുമ എന്നിവയെ ജൈവകൃഷിക്കാർക്ക് സുലഭമാക്കുന്നതിന് വേണ്ടി നിലവിലുള്ള കന്നുകാലി പ്രജനന നയത്തിൽ (Cattle Breeding Policy) ആവശ്യമായ മാറ്റങ്ങൾ വരുത്തുക.

8.4 മണ്ണിരകമ്പോസ്റ്റ്, ജൈവവാതക അവശിഷ്ടം തുടങ്ങിയ വളങ്ങൾ കൃഷിയിടത്തിൽ തന്നെ നിർമ്മിക്കുന്നത് പ്രോൽസാഹിപ്പിക്കുക.

8.5 മഴയെ ആശ്രയിച്ച് കൃഷിചെയ്യുന്ന കൃഷിയിടങ്ങളിൽ പ്രത്യേകിച്ചും മണ്ണൊലിപ്പ് ഏറെയുള്ള സ്ഥലങ്ങളിൽ വരൾച്ചയെ പ്രതിരോധിക്കുന്നതിനും ജൈവസമ്പുഷ്ടി ഉയർത്തുന്നതിനും അനുയോജ്യമായ പ്രത്യേക പരിപാടികൾ ആവിഷ്കരിക്കുക.

8.6 നാടൻ മണ്ണിരകൾ, സൂക്ഷ്മജീവികൾ എന്നിവയെ പ്രയോജനപ്പെടുത്തി ജൈവവളം ഉണ്ടാക്കുന്നത് പ്രോൽസാഹിപ്പിക്കുക.

8.7 മണ്ണിൽ അലിഞ്ഞു ചേരുന്ന ജൈവമാലിന്യങ്ങൾ ഉത്ഭവസ്ഥാനത്തുതന്നെ വേർതിരിച്ച് ജൈവവളം ഉൽപ്പാദിപ്പിക്കുന്നതിന് വികേന്ദ്രീകൃത സംവിധാനം ഏർപ്പെടുത്തുക.

8.8 ജൈവവളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുകയും, ഇതിനുവേണ്ടി ഒരു കേന്ദ്രീയ പരിശോധനശാല സ്ഥാപിക്കുകയും ചെയ്യുക.

8.9 കൃഷിയിടങ്ങളിൽ വളമാക്കാൻ പറ്റുന്ന ജൈവവസ്തുക്കൾ കത്തിക്കുന്നത് നിരുത്സാഹപ്പെടുത്തുക.

8.10 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഉപയോഗിച്ചുകൊണ്ട് പാടശേഖര സമിതികളുടെയും മറ്റു കാർഷിക കൂട്ടായ്മകളുടെയും നേതൃത്വത്തിൽ പച്ചിലവള ഉൽപ്പാദനം, ഗ്രാമീണ കുളങ്ങൾ, നീർച്ചാലുകൾ, തോടുകൾ, ജലസംഭരണികൾ എന്നിവിടങ്ങളിലുള്ള എക്കൽ എടുത്ത് കൃഷിയിടങ്ങളിലെ ഫലപുഷ്ടി വർദ്ധിപ്പിക്കുവാൻ ഉപയോഗിക്കുക.

തന്ത്രം 9

ജൈവകൃഷിക്കാവശ്യമായ സാഹചര്യവും സാമഗ്രികളും ഉറപ്പാക്കുക.

## പ്രവർത്തനം

9.1 ജൈവകൃഷിക്കാവശ്യമായ വിത്ത്, തൈകൾ, വളം, സസ്യ സംരക്ഷണ വസ്തുക്കൾ എന്നിവ കൃഷിയിടത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനം, കൃഷിവകുപ്പ്, കാർഷിക സർവ്വകലാശാല തുടങ്ങിയവയുടെ സഹായത്തോടെ ഉൽപ്പാദിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.

9.2 കൃഷിയിടങ്ങൾക്കാവശ്യമായ വസ്തുക്കൾ പ്രാദേശിക തലത്തിൽ ഉൽപ്പാദിപ്പിക്കുന്നതിന് കർഷക സംഘടനകൾ/ക്ലബ്ബുകൾ/സഹകരണ സംഘങ്ങൾ/കർഷക കമ്പനികൾ/സ്വയം സഹായ സംഘങ്ങൾ/യുവ കർഷക സംഘങ്ങൾ എന്നിവയെ പ്രോൽസാഹിപ്പിക്കുക.

9.3 നഗരത്തിലെ ജനവാസ കേന്ദ്രങ്ങളിലെ ജൈവ ഖരമാലിന്യങ്ങൾ, പ്രത്യേകിച്ചും ചന്തകളിലും ഹോസ്റ്റലുകളിലും മറ്റു സ്ഥാപനങ്ങളിലുമുള്ള പാഴ്‌വസ്തുക്കൾ, ഉത്ഭവസ്ഥാനത്തുതന്നെ വേർതിരിച്ച് ചെലവ് കുറഞ്ഞ രീതിയിൽ വളനിർമ്മാണം, മണ്ണിര കമ്പോസ്റ്റിംഗ് തുടങ്ങിയവ വഴി ജൈവ പാഴ്‌വസ്തു പുനഃചംക്രമണം ഉറപ്പാക്കുന്നതിന് വിവിധ സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം ഏർപ്പെടുത്തുക. ഫ്ളാറ്റുകൾക്ക് ലൈസൻസ് കൊടുക്കുന്നതിനുമുമ്പ് അവയ്ക്ക് മാലിന്യ സംസ്കരണ യൂണിറ്റ് ഉണ്ടെന്ന് ഉറപ്പുവരുത്തുക.

9.4 കാർഷികാവശ്യത്തിന് ഗുണമേൻമയുള്ള സാധനങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനും ഗുണനിലവാര പരിശോധന നടത്തുന്നതിനും മറ്റും പ്രാദേശിക തലത്തിൽ പരിശീലകരെ സജ്ജരാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കുക.

9.5 കാർഷികോപാധികളുടെയും ഉൽപ്പന്നങ്ങളുടെയും ഗുണനിലവാരം ഉറപ്പാക്കുന്നതിന് ആവശ്യമായ ചട്ടങ്ങൾ, മാർഗ്ഗരേഖകൾ, നിലവാരപരിശോധനാ സംവിധാനങ്ങൾ, നടപടിക്രമങ്ങൾ, ലബോറട്ടറികൾ എന്നിവ ഏർപ്പെടുത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും അംഗീകൃത സന്നദ്ധ സംഘടനകൾക്കും അധികാരം നൽകുന്നതിന് നിയമനിർമ്മാണ നടപടികൾ സ്വീകരിക്കുക.

9.6 ഉൽപ്പാദന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും കാർഷികോപകരണങ്ങൾ വാങ്ങുന്നതിനും കർഷകസംഘങ്ങളെ സഹായിക്കുന്നതിനും പ്രത്യേക സാമ്പത്തിക പദ്ധതികൾ ആരംഭിക്കുകയോ നിലവിലുള്ള പദ്ധതികളുമായി അവയെ ബന്ധിപ്പിക്കുകയോ ചെയ്യുക.

9.7 കർഷകർക്ക് കുറഞ്ഞ ചെലവിൽ ഉൽപ്പാദനോപാധികൾ ലഭ്യമാക്കുന്നതിനും ഗുണനിലവാരമുള്ള ഉൽപ്പാദനോപാധികൾക്ക് വിപണി ഉറപ്പാക്കുന്നതിനും പ്രാദേശിക തലത്തിൽ കൂട്ടായ്മ വികസിപ്പിച്ചെടുക്കുക.

9.8 കാർഷിക സർവ്വകലാശാല വികസിപ്പിച്ചെടുത്തിട്ടുള്ള ജൈവകൃഷിരീതികൾ ജൈവ കർഷകരുടെ സഹകരണത്തോടെ പ്രായോഗിക തലത്തിൽ കൊണ്ടുവരാൻ നടപടികൾ സ്വീകരിക്കുക. വാഴ, ഇഞ്ചി, പൈനാപ്പിൾ, പച്ചക്കറികൾ, കുരുമുളക്, ഏലം, നെല്ല് തുടങ്ങിയവയ്ക്ക് മുൻഗണന .നൽകുക.





9.9 കേരളത്തിന്റെ വിവിധ പ്രദേശങ്ങളിലെ മണ്ണിന്റെ ജൈവാംശം സംബന്ധിച്ച വിവര ശേഖരം (ഡാറ്റാ ബേസ്) തയ്യാറാക്കുക.

9.10 മറ്റു സംസ്ഥാനങ്ങളിൽനിന്നും വിപണനത്തിനായി കൊണ്ടുവരുന്ന ഫലവർഗ്ഗങ്ങൾ, പച്ചക്കറി എന്നിവയുടെ ഗുണനിലവാരം ഉറപ്പുവരുത്തുക.

തന്ത്രം 10

കർഷകർ, നിർവ്വഹണ ഉദ്യോഗസ്ഥർ, വിവിധ ഏജൻസികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങൾ എന്നിവർക്ക് കാര്യശേഷി വികസന പരിപാടികൾ നടപ്പാക്കുക.

## പ്രവർത്തനം

10.1 ബോധവൽക്കരണം, പരിശീലനം, പഠന പര്യടനം തുടങ്ങിയ പരിപാടികൾ സംഘടിപ്പിക്കുക.

10.2 ജൈവകൃഷിയിൽ കർഷകരെ സഹായിക്കുന്നതിന് ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും തൊഴിൽ രഹിതരായ 10-20 യുവതീ-യുവാക്കളെ (50 ശതമാനം യുവതികൾ) കുടുംബശ്രീ മാതൃകയിൽ കർഷക സേവകരായി കണ്ടെത്തി അവർക്ക് ജൈവകൃഷി പരിപാലനത്തിന്റെ എല്ലാ വശങ്ങളെക്കുറിച്ചും പ്രാദേശിക സർക്കാരിന്റെ പദ്ധതികളിൽപ്പെടുത്തി പരിശീലനം നൽകുക.

10.3 കൃഷിവകുപ്പിന്റെ നിലവിലുള്ള അഗ്രോ ക്ലിനിക്കുകളെ ഓർഗാനിക് ഫാമിംഗ് റിസോഴ്സ് സെന്ററുകളായി വിപുലീകരിക്കുക.

10.4 കൃഷിവകുപ്പിലെ കൃഷി ഓഫീസർമാരിൽ ജൈവകൃഷി രീതികളെക്കുറിച്ച് അവബോധം വളർത്തുക.

തന്ത്രം 11

സംസ്ഥാനത്ത് മാതൃകാ, സുസ്ഥിര കൃഷിയിടങ്ങൾ വികസിപ്പിച്ചെടുക്കുക.

## പ്രവർത്തനം

11.1 ജൈവകൃഷിക്കു തയ്യാറാക്കുന്ന കർഷകരുടെ കൃഷിയിടങ്ങളിൽ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും ജൈവകൃഷിയിൽ മാതൃകയാക്കാവുന്ന കൃഷിയിടങ്ങൾ വികസിപ്പിച്ചെടുക്കുക.

11.2 കേരള കാർഷിക സർവ്വകലാശാലയുടെയും മറ്റ് കാർഷിക സ്ഥാപനങ്ങളുടെയും നിയന്ത്രണത്തിലുള്ള മേഖലാ ഗവേഷണ കേന്ദ്രങ്ങളെ ജൈവകൃഷി പരിപാലന പഠനകേന്ദ്രമായി പരിവർത്തനം ചെയ്യുക. വിദ്യാർഥികൾക്കും കർഷകർക്കും ജനപ്രതിനിധികൾക്കുമുള്ള 'ഫീൽഡ് സ്റ്റഡി സെന്റർ' ആയി അവയെ പ്രയോജനപ്പെടുത്തുക.

11.3 ഇത്തരം കൃഷിയിടങ്ങൾ ഉത്തരവാദിത്വ വിനോദസഞ്ചാര പദ്ധതികളുടെ ഭാഗമാക്കണം.



[illegible]771/2010/DTP.

തന്ത്രം 12

ഗോത്രവർഗ്ഗക്കാർക്കായി പ്രത്യേക കാർഷിക പരിപാടികൾ ആവിഷ്കരിച്ച് അവരുടെ ആരോഗ്യവും ക്ഷേമവും ഉറപ്പാക്കുക.

പ്രവർത്തനം

12.1 പരമ്പരാഗത കൃഷിരീതികൾ ക്ഷയിച്ചുപോയ ഗോത്രവർഗ്ഗപ്രദേശങ്ങളിലെ ജനങ്ങൾക്ക് ആവശ്യത്തിനുള്ള പോഷകാഹാരം ലഭിക്കുന്നുവെന്ന് ഉറപ്പാക്കുക.

12.2 ഗോത്രവർഗ്ഗക്കാരുടെ പരമ്പരാഗത കൃഷിമുറകൾ പുനരുജ്ജീവിപ്പിക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുക.

12.3 പരിസ്ഥിതിക്ക് ദോഷം ചെയ്യാത്ത രീതിയിൽ വന ഉൽപ്പന്നങ്ങൾ ശേഖരിക്കുന്നതിനും അവ ന്യായവിലയ്ക്ക് ഓർഗാനിക് ഔട്ട്ലെറ്റുകൾവഴി വിൽക്കുന്നതിനും സൗകര്യമൊരുക്കുക.

12.4 ദിവസത്തിൽ ഒരു നേരമെങ്കിലും ഗോത്രവർഗ്ഗത്തിലെ കുട്ടികൾക്ക് അവരുടെ പരമ്പരാഗതമായ പോഷകാഹാരം ലഭ്യമാക്കുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിക്കുക.

12.5 ഗോത്രവർഗ്ഗക്കാരുടെ പരമ്പരാഗത വിളകൾ, ഔഷധ സസ്യങ്ങൾ എന്നിവയുടെ വിത്ത് ബാങ്കുകൾ ഗ്രാമ (ഊര്) തലത്തിൽ സ്ഥാപിക്കുക.

12.6 ഗോത്രവർഗ്ഗ കൃഷിരീതികൾ പുനരുജ്ജീവിപ്പിക്കുന്നതിന് നീർമറി വികസന പദ്ധതികൾ, ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതികൾ എന്നിവയുടെ പ്രയോജനം സാദ്ധ്യമാക്കുക.

തന്ത്രം 13

ജൈവകർഷകരുടെ നേതൃത്വത്തിൽ ഉൽപ്പാദന കമ്പനികൾ സ്ഥാപിക്കുക.

പ്രവർത്തനം

13.1 ജൈവകർഷകരുടേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും ഓഹരി നിക്ഷേപത്തിലൂടെ ഓർഗാനിക് ഫാർമർ പ്രൊഡ്യൂസർ കമ്പനികളോ സമാനമായ സ്ഥാപനങ്ങളോ സ്ഥാപിക്കാനുള്ള സഹായങ്ങൾ ലഭ്യമാക്കുക.

തന്ത്രം 14

സ്റ്റോറേജ്, ട്രാൻസ്പോർട്ടേഷൻ സൗകര്യങ്ങൾ ഏർപ്പെടുത്തുക.

പ്രവർത്തനം

14.1 ഉൽപ്പന്നങ്ങൾ കേടുവരാതെ സൂക്ഷിക്കുന്നതിനും അവയുടെ സർട്ടിഫിക്കേഷൻ പ്രക്രിയ സുഗമമാക്കുന്നതിനുമായി പ്രാദേശിക തലത്തിൽ വികേന്ദ്രീകൃതാടിസ്ഥാനത്തിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തുക.





14.2 അടുത്തുള്ള വിപണന കേന്ദ്രത്തിലേക്ക് ജൈവ ഉൽപ്പന്നങ്ങൾ എത്തിക്കുന്നതിന് പ്രത്യേക ട്രാൻസ്പോർട്ടേഷൻ സൗകര്യം ഏർപ്പെടുത്തുക.

തന്ത്രം 15

ഭക്ഷ്യോൽപ്പന്ന വ്യവസായ രംഗത്ത് ജൈവ ഉൽപ്പന്നങ്ങളുടെ ഉപയോഗവും മൂല്യവർദ്ധിത ഉൽപ്പന്ന സംരംഭങ്ങളും പ്രോൽസാഹിപ്പിക്കുക.

പ്രവർത്തനം

15.1 ജൈവകാർഷിക ഉൽപ്പന്നങ്ങൾ ഉപയോഗിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ വികസിപ്പിച്ചെടുക്കുന്നതിന് കർഷക സംഘങ്ങൾ, സ്വയം സഹായ സംഘങ്ങൾ, ഫാർമർ പ്രൊഡ്യൂസർ കമ്പനികൾ തുടങ്ങിയവയെ പ്രോൽസാഹിപ്പിക്കുക.

15.2 ജൈവകാർഷിക ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം നഷ്ടപ്പെടാതെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനും അവയുടെ ഗുണനിലവാരം പരിശോധിച്ച് വിലയിരുത്തുന്നതിനും കാർഷിക സർവ്വകലാശാല, മറ്റ് ഗവേഷണ കേന്ദ്രങ്ങൾ തുടങ്ങിയവയുടെ സഹായത്തോടെ സംവിധാനം ഏർപ്പെടുത്തുക.

15.3 ഭക്ഷ്യവസ്തുക്കൾ നിർമ്മിക്കുന്ന കമ്പനികളിൽ ജൈവകാർഷിക ഉൽപ്പന്നങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിന് പ്രോൽസാഹനം നൽകുക.

15.4 പഞ്ചായത്ത് വികേന്ദ്രീകൃതാടിസ്ഥാനത്തിൽ വിജയിപ്പിക്കാൻ കഴിയുന്ന തരത്തിൽ ഭക്ഷ്യ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് പ്രത്യേക പാക്കേജ് ഏർപ്പെടുത്തുക.

തന്ത്രം 16

ജൈവ ഉൽപ്പന്നങ്ങളുടെ വിപണനത്തിന് വ്യത്യസ്ത മാർഗ്ഗങ്ങൾ വികസിപ്പിച്ചെടുക്കുക.

പ്രവർത്തനം

16.1 [illegible], സപ്ലൈകോ, ഹോർട്ടികോർപ്പ്, ഹരിത തുടങ്ങിയ വ്യത്യസ്ത വിപണന സംവിധാനങ്ങൾ വഴി PGS സർട്ടിഫൈഡ് ജൈവ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുക.

16.2 ജൈവകർഷകർക്കും കർഷക സംഘങ്ങൾക്കും സ്വയംസഹായ സംഘങ്ങൾക്കും അവരുടെ ഉൽപ്പന്നങ്ങൾ നേരിട്ട് വിൽക്കുന്നതിന് സ്കൂളുകൾ, ഹോസ്റ്റലുകൾ, ഹോട്ടലുകൾ, ആശുപത്രികൾ, ആയുർവേദകേന്ദ്രങ്ങൾ തുടങ്ങിയവയുമായി ലിങ്കേജ് സൗകര്യം ഒരുക്കുക.

16.3 കൃത്യമായ ചട്ടങ്ങളും മാർഗ്ഗരേഖകളും പാലിച്ചുകൊണ്ട് പ്രാദേശികമായ ജൈവ ഉൽപ്പന്നങ്ങൾ വാങ്ങുന്നതിന് സ്കൂളുകൾ, ഹോസ്റ്റലുകൾ, ആശുപത്രികൾ, സർക്കാർ സ്ഥാപനങ്ങൾ തുടങ്ങിയവയെ പ്രേരിപ്പിക്കുക.

16.4 വൻകിട കുത്തക ചില്ലറ വ്യാപാരം തടയുന്നതിന് അനുയോജ്യമായ നിയമ നിർമ്മാണം നടത്തുക.

16.5 നിലവിലുള്ള പച്ചക്കറി, പഴം, പലവ്യഞ്ജന വ്യാപാരികൾ മുഖേന ജൈവ ഉൽപ്പന്നങ്ങളുടെ വിപണനം പ്രോൽസാഹിപ്പിക്കുക.

16.6 കർഷക സംഘങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവ യുടെ സഹായത്തോടെ എല്ലാ ജില്ലകളിലും ജൈവ ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി പ്രത്യേക ഔട്ട്ലെറ്റുകൾ സ്ഥാപിക്കുക.

16.7 പരിസ്ഥിതി സൗഹൃദ വിനോദ സഞ്ചാര സംരംഭങ്ങൾ (Responsible Tourism Initiatives) വഴി ടൂറിസം വ്യവസായ മേഖലയിലെ ഹോട്ടലുകളിലും ഭക്ഷണശാല കളിലും പ്രാദേശികമായ ജൈവ ഉൽപ്പന്നങ്ങൾ ഉപയോഗിക്കുന്നുവെന്ന് ഉറപ്പാക്കുക.

തന്ത്രം 17

സംസ്ഥാനത്ത് എല്ലാ ജൈവകർഷകർക്കും സഹായകമായ രീതിയിൽ ലളിതമായ ഓർഗാനിക് സർട്ടിഫിക്കേഷൻ പ്രക്രിയയ്ക്ക് രൂപം നൽകുക.

## പ്രവർത്തനം

17.1 ജൈവ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് ജില്ലാ-ഗ്രാമപഞ്ചായത്ത് തലങ്ങളിൽ സംവിധാനം (Internal Control System) ഏർപ്പെടുത്തുക.

17.2 ജൈവകൃഷിയിൽ കൂട്ടായി പ്രവർത്തിക്കാനും ആഭ്യന്തര വിപണി കണ്ടെത്താനും താൽപ്പര്യമുള്ള ചെറുകിട-ഇടത്തരം കർഷകർക്കായി 'പാർട്ടിസിപ്പേറ്ററി ഗ്യാരന്റി സിസ്റ്റം ഓഫ് സർട്ടിഫിക്കേഷൻ' സമ്പ്രദായം പ്രോൽസാഹിപ്പിക്കുക.

17.3 പി.ജി.എസ്. കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകൃത എൻ.ജി.ഒ. കളെ കേരളത്തിൽ PGS സംവിധാനം നടപ്പാക്കുന്നതിനും മോണിട്ടർ ചെയ്യുന്നതിനും ചുമതലപ്പെടുത്താവുന്നതാണ്.

17.4 കേരളത്തിലെ ജൈവ ഉൽപ്പന്നങ്ങൾക്ക് ഒരു ഓർഗാനിക് കേരള സർട്ടിഫിക്കേഷനും ലോഗോയും വികസിപ്പിച്ചെടുക്കുക. ഇതിന് "ജൈവ കേരളം" എന്ന ബ്രാന്റ്നെയിം പരിഗണിക്കാവുന്നതാണ്. ഓരോ രാജ്യവും ഓരോ മാനദണ്ഡങ്ങൾ പിന്തുടരുന്ന തിനാൽ കയറ്റുമതി ലക്ഷ്യമാക്കിയുള്ള വിളകൾക്ക് മൂന്നാം കക്ഷിയുടെ സർട്ടി ഫിക്കറ്റിന് പോകാവുന്നതാണ്.

17.5 ഗുണനിലവാര പരിശോധനയ്ക്ക് സർട്ടിഫിക്കേഷനുമായി പ്രാദേശിക മാനദണ്ഡങ്ങൾ നിശ്ചയിക്കുക.

17.6 മൂന്നു വർഷത്തിലധികം ജൈവകൃഷി ചെയ്യുന്ന എല്ലാ കർഷകർക്കും സൗജന്യ മായി സർട്ടിഫിക്കേഷൻ ലഭിക്കുമെന്ന് ഉറപ്പാക്കുക.

17.7 സർട്ടിഫിക്കേഷൻ സമ്പ്രദായത്തിൽ ജൈവ മൃഗപരിപാലനവും ഉൾപ്പെടുത്തുക.





തന്ത്രം 18

ജൈവകൃഷി പ്രോൽസാഹിപ്പിക്കുന്നതിന് സാമ്പത്തിക സഹായം ലഭ്യമാക്കുക.

## പ്രവർത്തനം

18.1 സംസ്ഥാന-കേന്ദ്രസർക്കാർ പദ്ധതികളുടെ സബ്സിഡിയോടെ ചെറുകിട-ഇടത്തരം ജൈവകർഷകർക്ക് പലിശ രഹിത വായ്പകൾ ലഭ്യമാക്കുക.

18.2 ഉൽപ്പാദനാധിഷ്ഠിതമായ സാമ്പത്തിക പ്രോൽസാഹനം ഏർപ്പെടുത്തുക.

18.3 റിവോൾവിംഗ് ഫണ്ട് സംവിധാനം പ്രോൽസാഹിപ്പിക്കുക.

18.4 ജൈവകൃഷിയിലേക്ക് പരിവർത്തനം ചെയ്യുന്ന കാലയളവിൽ വാർഷിക വിളകൾക്ക് രണ്ടു കൊല്ലവും സ്ഥിര വിളകൾക്ക് മൂന്നു കൊല്ലവും പ്രത്യേക സാമ്പത്തിക സഹായം ലഭ്യമാക്കുക.

18.5 ചെറുകിട-ഇടത്തരം ജൈവകർഷകർക്കായി സംസ്ഥാന സർക്കാരിന്റെ നേതൃത്വ ത്തിൽ ഇൻഷ്വറൻസ് പദ്ധതി ആവിഷ്കരിക്കുക.

18.6 ജൈവകർഷകർക്ക് പെൻഷൻ ഏർപ്പെടുത്തുക.

തന്ത്രം 19

പുതുക്കാവുന്ന ഊർജ്ജസ്രോതസുകളുടെ ഉപയോഗം പ്രോൽസാഹിപ്പിക്കുക.

## പ്രവർത്തനം

19.1 പുറമേ നിന്നുള്ള ഊർജ്ജസ്രോതസുകളെ ആശ്രയിക്കാതെ ജൈവവാതക പ്ലാന്റുകൾ, സൂര്യോർജ്ജം, കാറ്റിൽ നിന്നുള്ള വൈദ്യുതി തുടങ്ങിയവ പരമാവധി പ്രയോജനപ്പെടുത്തുന്നതിന് സാങ്കേതിക-സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുക.

19.2 ഊർജ്ജം ലാഭിക്കുന്നതിനും മലിനീകരണം ഒഴിവാക്കുന്നതിനും ചെലവു ചുരുക്കുന്നതിനും അനുയോജ്യമായ ചെറു കൃഷി യന്ത്രങ്ങൾ/ഉപകരണങ്ങൾ വികസിപ്പിച്ചെടുക്കുക.

തന്ത്രം 20

വിദ്യാലയങ്ങളിൽ ജൈവകൃഷി സന്ദേശം എത്തിക്കുക.

## പ്രവർത്തനം

20.1 പാഠ്യവിഷയങ്ങൾവഴി വിദ്യാലയങ്ങളിൽ ജൈവകൃഷി സന്ദേശം പ്രചരിപ്പിക്കുക. ജൈവ കാർഷിക ഉൽപ്പന്നങ്ങളുടെ ഉപഭോഗം പ്രോൽസാഹിപ്പിക്കുന്നതിന് വിദ്യാർത്ഥികൾക്കിടയിൽ പ്രത്യേക പ്രചാരണ യജ്ഞം സംഘടിപ്പിക്കുക.

20.2 കുട്ടികളിൽ ജൈവകൃഷിയോട് ആഭിമുഖ്യം വളർത്തുന്നതിനും സ്കൂളിലും വീട്ടുവളപ്പിലും ജൈവസംരക്ഷണത്തിൽ താൽപ്പര്യം ജനിപ്പിക്കുന്നതിനുമായി സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും ജൈവപച്ചക്കറി-പഴം തോട്ടങ്ങൾ സ്ഥാപിക്കുക, അനുയോജ്യമായ സ്ഥലങ്ങളിൽ നെൽപ്പാടങ്ങളും. ഇതിനായി അനുയോജ്യമായ പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾവഴി ആവിഷ്കരിച്ച് നടപ്പാക്കാവുന്നതാണ്.

20.3 സൗകര്യമുള്ള സ്കൂളുകളിൽ നല്ല കാർഷിക വിത്തുകളുടെ ഉൽപ്പാദനവും സംഭരണവും പ്രോൽസാഹിപ്പിക്കുന്നതിന് സീഡ് ബാങ്കുകൾ ആരംഭിക്കുക.

20.4 ജൈവകർഷകരുമായി ആശയവിനിമയം നടത്തുന്നതിനും കൃഷിയിടങ്ങൾ സന്ദർശിക്കുന്നതിനും വിദ്യാർത്ഥികൾക്ക് അവസരം ഒരുക്കുക.

20.5 ഉച്ചഭക്ഷണ-പോഷകാഹാര വിതരണ പദ്ധതികളുടെ ഭാഗമായി സ്കൂളുകളിൽ ജൈവ അരി, പയർ, പഴം, പച്ചക്കറികൾ, മുട്ട, തേൻ തുടങ്ങിയവ ലഭ്യമാക്കുന്നതിന് സംവിധാനമുണ്ടാക്കുക. അംഗൻവാടികളിൽ സ്വയംസഹായ സംഘങ്ങൾ വഴി ജൈവ ഭക്ഷ്യവസ്തുക്കൾ ഉൽപ്പാദിപ്പിച്ച് ലഭ്യമാക്കുന്നതിന് ICDS-നെ പ്രേരിപ്പിക്കുക.

20.6 ജൈവ ഉൽപ്പന്നങ്ങൾ ഉപയോഗിച്ച് ശിശു ഭക്ഷണം ഉണ്ടാക്കുന്നതിന് ബേബിഫുഡ് സംരംഭകരെ പ്രോൽസാഹിപ്പിക്കുക.

20.7 സ്കൂൾ വിദ്യാർത്ഥികൾക്കായി ജൈവകൃഷി സംബന്ധിച്ച് അനുയോജ്യമായ പാഠ്യപദ്ധതി തയ്യാറാക്കുക.

20.8 ഫാം ഇൻഫർമേഷൻ ബ്യൂറോ വഴി പ്രചാരണ പ്രവർത്തനങ്ങൾ നടത്തുക.

തന്ത്രം 21

ഗവേഷണ, വിദ്യാഭ്യാസ, വ്യാപന പരിപാടികൾ പുനഃസംവിധാനം ചെയ്യുക.

## പ്രവർത്തനം

21.1 സർക്കാരിന്റെ ജൈവകൃഷി പ്രോൽസാഹന നയം നടപ്പാക്കുന്നതിനും കേരളത്തിന്റെ കൃഷി മേഖലയെ ജൈവകൃഷിയിലേക്ക് പരിവർത്തനം ചെയ്യുന്നതിനും സഹായക മായ രീതിയിൽ കാർഷിക മേഖലയിലെ ഗവേഷണ-വിദ്യാഭ്യാസ-വ്യാപന സംവിധാ നങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് കേരള കാർഷിക സർവ്വകലാശാലയുടെ നേതൃത്വത്തിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തുക.

21.2 ജൈവകൃഷിയുടെ വ്യത്യസ്ത രീതികളും മാതൃകകളും കർഷകരേയും സമൂഹ ത്തേയും ബോധ്യപ്പെടുത്തുന്നതിന് കാർഷിക സർവ്വകലാശാലയുടെ നേതൃത്വത്തിൽ വ്യത്യസ്ത കാർഷിക മേഖലകളിൽ അനുയോജ്യമായ മാതൃകാതോട്ടങ്ങളും കൃഷി രീതിയുടെ മാതൃകകളും വികസിപ്പിച്ചെടുക്കുക.

21.3 ബിരുദ-ബിരുദാനന്തര തലങ്ങളിൽ പാഠ്യപദ്ധതിയുടെ ഭാഗമായി ജൈവകൃഷി ഉൾപ്പെടുത്തുകയും മികച്ച ജൈവകർഷകർ, കർഷക സംഘങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവരുമായി ആശയവിനിമയം നടത്തുന്നതിന് വിദ്യാർത്ഥികൾക്ക് അവസരം ഒരുക്കുകയും ചെയ്യുക.

21.4 ജൈവ കൃഷിയുടെ വിവിധ വശങ്ങളെക്കുറിച്ച് കർഷകരുമായി ചേർന്ന് പങ്കാളിത്ത രീതിയിൽ ഗവേഷണ പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കുക.

21.5 ജൈവകർഷകർ അനുവർത്തിച്ചുവരുന്ന കൃഷിമുറകൾ അംഗീകരിക്കുന്നതിനും ഡോക്യുമെന്റ് ചെയ്യുന്നതിനും ഗവേഷണ വ്യാപന പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകുക.





21.6 രോഗപ്രതിരോധ ശക്തിയും മികച്ച ഉൽപ്പാദന ശേഷിയുമുള്ള നാടൻ കന്നുകാലി വർഗ്ഗങ്ങൾ, മത്സ്യ ഇനങ്ങൾ എന്നിവ കണ്ടെത്തി പഠനം നടത്തുക.

21.7 കാർഷിക വിളകൾ, കന്നുകാലികൾ, മത്സ്യങ്ങൾ എന്നിവയ്ക്ക് ഉണ്ടാകുന്ന രോഗങ്ങൾ നിയന്ത്രിക്കുന്നതിനും കീടങ്ങളെ പ്രതിരോധിക്കുന്നതിനുമുള്ള ജൈവകീടനാശിനികൾ വികസിപ്പിക്കുക.

21.8 മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ ഒരു ജൈവ കാർഷിക ഗവേഷണ സ്ഥാപനം (Organic Agricultural Research Institute-OARI) ആരംഭിക്കുക.

തന്ത്രം 22

[illegible]യും കീടനാശിനികളെയും സംസ്ഥാനത്തുനിന്ന് ഘട്ടം ഘട്ടമായി [illegible] ചെയ്യുക.

## പ്രവർത്തനം

[illegible] നടപ്പാക്കുന്നതിന് സമാന്തരമായി കേരളത്തിൽ രാസവളം, രാസ [illegible] എന്നിവയുടെ ഉപയോഗം നിയന്ത്രിക്കുന്നതിനും, ഉപയോഗിക്കാതി [illegible] ഉറപ്പു വരുത്തുക.

[illegible] മാരക വിഷാംശമുള്ള ടോക്സിക്, ക്ലാസ്സ്-1എ, 1ബി [illegible] വിൽപ്പനയും ഉപയോഗവും കർശനമായി നിരോധിക്കുക.

[illegible] പ്രധാനമായ ജൈവവൈവിധ്യ സമ്പുഷ്ട പ്രദേശങ്ങളെയും [illegible] ഉൾപ്പെട്ട പ്രദേശങ്ങളെയും സമ്പൂർണ്ണ രാസവള-കീടനാശിനി [illegible] ആയി പ്രഖ്യാപിക്കുക.

[illegible] ശുപാർശ പ്രകാരം അനിവാര്യമായ സന്ദർഭങ്ങളിൽ ഓരോ [illegible] പ്രത്യേക അനുമതിയോടെ മാത്രം കീടനാശിനി ഉപയോഗിക്കുന്ന [illegible] സംവിധാനത്തിലൂടെ കീടനാശിനിയുടെ വിൽപ്പനയും ഉപയോഗവും [illegible] തിനും പരിമിതപ്പെടുത്തുന്നതിനും അനുയോജ്യമായ നിയമ [illegible] ുക.

[illegible] നികൾ, കർഷകരല്ലാത്തവർ എന്നിവർക്ക് കീടനാശിനി വിൽക്കു [illegible] ആയി നിരോധിക്കുക.

[illegible] ആവശ്യങ്ങൾക്കായി കീടനാശിനികൾ ഉപയോഗിക്കുന്നത് [illegible] വിവര ശേഖരം രൂപപ്പെടുത്തുക, അത്തരം കീടനാശിനികളുടെ [illegible] ഉപയോഗവും നിയന്ത്രിക്കുക. (ഉദാഹരണം: വീട്ടാവശ്യങ്ങൾ, [illegible] സംസ്കരണം, കെട്ടിടനിർമ്മാണം തുടങ്ങിയവയ്ക്ക്).

[illegible] നികളുടെ പ്രചാരണം, പരസ്യം എന്നിവയ്ക്ക് ലോക ഭക്ഷ്യാരോഗ്യ [illegible] (FAO) ഏർപ്പെടുത്തിയിട്ടുള്ള മാനദണ്ഡങ്ങളും മാർഗ്ഗരേഖകളും പാലിക്കു [illegible] എന്ന് പരിശോധിക്കുക, അവ പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തുക.

22.8 രാസകീടനാശിനികൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന പ്രദേശങ്ങളിലെ വെള്ളം, മണ്ണ്, പാല്, കൃഷിവിളകൾ എന്നിവയിലെ രാസകീടനാശിനിയുടെ അളവ് ജില്ലാതലത്തിൽ അടിക്കടി പരിശോധിക്കുകയും വിവരം പൊതുജനങ്ങളെ അറിയിക്കുകയും ചെയ്യുക.

22.9 ജൈവനിയന്ത്രണ പരിപാടികൾക്കായി വൈദേശിക ഇനങ്ങളെ ആശ്രയിക്കുമ്പോൾ മുൻകരുതൽ നടപടികൾ സ്വീകരിക്കുക.

തന്ത്രം 23

വിവിധ വകുപ്പുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സംഘടനകൾ എന്നിവയുടെ പ്രവർത്തനവും പദ്ധതികളും സംയോജിപ്പിക്കുക.

## പ്രവർത്തനം

23.1 ജൈവകൃഷിതത്വത്തിലും പ്രാദേശിക സാഹചര്യങ്ങളിലും **അധിഷ്ഠിതമായി വിവിധ** വകുപ്പുകളുടെ വികസന പദ്ധതികൾ സംയോജിപ്പിക്കുക. **കൃഷി, മൃഗസംരക്ഷണം,** വനം, മത്സ്യബന്ധനം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, **ധനകാര്യം, റവന്യൂ,** വ്യവസായം, ആദിവാസിക്ഷേമം, ഖാദി ഗ്രാമവ്യവസായങ്ങൾ, ധനകാര്യ സ്ഥാപനങ്ങൾ, സഹകരണ വകുപ്പ്, കാർഷിക സർവ്വകലാശാല, സംസ്ഥാനത്തെ കാർഷിക ഗവേഷണ (ICAR) സ്ഥാപനങ്ങൾ, സുഗന്ധ വ്യഞ്ജന-കാപ്പി-തേയില-നാളികേര-റബ്ബർ ബോർഡുകൾ, APEDA, മിൽമ, മറ്റ് ക്ഷീര വിപണന സംഘങ്ങൾ, കർഷക സംഘടനകളും സൊസൈറ്റികളും, സ്വയം സഹായ സംഘങ്ങൾ, ജൈവകർഷക സമിതികൾ, ജൈവകൃഷി പ്രോൽസാഹിപ്പിക്കുന്ന സന്നദ്ധ സംഘടനകൾ എന്നിവയുടെ പദ്ധതിപ്രവർത്തനങ്ങളെ ഇത്തരത്തിൽ ജൈവകൃഷി വ്യാപനത്തിനായി സംയോജിപ്പിക്കാവുന്നതാണ്.

തന്ത്രം 24

ജൈവകൃഷി പ്രോൽസാഹിപ്പിക്കുന്നതിനുള്ള സംഘടനാ സംവിധാനം.

## പ്രവർത്തനം

24.1 ജൈവകൃഷിനയം, തന്ത്രങ്ങൾ, കർമ്മ പദ്ധതി എന്നിവ നടപ്പാക്കുന്നതിനും ഉദ്ദിഷ്ട രീതിയിൽ ഫലപ്രദമാക്കുന്നതിനുംവേണ്ടി ഒരു ജൈവ കേരള മിഷൻ രൂപികരിക്കു കയും, വിവിധ വകുപ്പുകളുടെ ഏകോപനം അത്യന്താപേക്ഷിതമായതുകൊണ്ട് മുഖ്യമന്ത്രി ചെയർമാനായിട്ടുള്ള ഒരു ജനറൽ കൗൺസിലും, ഈ പദ്ധതി നടപ്പാക്കുന്നത് കൃഷിവകുപ്പ് ആകയാൽ കൃഷി മന്ത്രി ചെയർമാനായിട്ടുള്ള ഒരു എക്സിക്യൂട്ടീവ് കമ്മിറ്റിയും ഇതിന്റെ മേൽനോട്ടം വഹിക്കുന്നതാണ്.





**ജനറൽ കൗൺസിൽ -**

| | | |
|---|---|---|
| മുഖ്യമന്ത്രി | .. | ചെയർമാൻ |
| കൃഷി വകുപ്പുമന്ത്രി | .. | വൈസ് ചെയർമാൻ |
| ഫിഷറീസ് വകുപ്പുമന്ത്രി | .. | അംഗം |
| മൃഗസംരക്ഷണ വകുപ്പുമന്ത്രി | .. | അംഗം |
| തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി | .. | അംഗം |
| ധനകാര്യവകുപ്പുമന്ത്രി | .. | അംഗം |
| കാർഷികോൽപ്പാദന കമ്മീഷണർ | .. | അംഗം |
| കൃഷിവകുപ്പ് സെക്രട്ടറി | .. | കൺവീനർ |
| ജില്ലാ ഓർഗാനിക് ഫാമിംഗ് സൊസൈറ്റികളുടെ പ്രസിഡന്റുമാർ | .. | 14 അംഗങ്ങൾ |
| കേരള കാർഷിക സർവ്വകലാശാലാ പ്രതിനിധി | .. | 1 അംഗം |
| കൃഷിവകുപ്പിന്റെ പ്രതിനിധികൾ | .. | 2 അംഗങ്ങൾ |
| ഗവേഷണ സ്ഥാപനങ്ങളുടെ പ്രതിനിധികൾ | .. | 3 ,, |
| അനുബന്ധവകുപ്പുകളുടെ (ഫിഷറീസ്, മൃഗസംരക്ഷണം, തദ്ദേശസ്വയംഭരണം, ധനകാര്യം, വനം, നാട്ടുവൈദ്യ, ആയുർവേദ ഡയറക്ടറേറ്റ്) പ്രതിനിധികൾ | .. | 6 ,, |
| പ്ലാന്റേഷൻ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ | .. | അംഗം |
| സ്പൈസസ് ബോർഡ് ചെയർമാൻ | .. | ,, |
| റ്റീബോർഡ് ചെയർമാൻ | .. | ,, |
| കോഫിബോർഡ് ചെയർമാൻ | .. | ,, |
| റബ്ബർബോർഡ് ചെയർമാൻ | .. | ,, |
| കോക്കനട്ട് ഡെവലപ്പ്മെന്റ് ബോർഡ് ചെയർമാൻ | .. | ,, |
| കേരള സ്റ്റേറ്റ് അഗ്രിക്കൾച്ചർ പ്രൈസസ് ബോർഡ് ചെയർമാൻ | .. | ,, |
| കാർഷിക മേഖലയിൽ പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകളുടെ പ്രതിനിധി (സർക്കാർ നിർദ്ദേശിക്കുന്ന) | .. | ,, |
| ചെയർമാൻ, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് | .. | ,, |
| അഡീഷണൽ ഡയറക്ടർ, സോയിൽ സർവ്വേ, കൺസർവേഷൻ ഡിപ്പാർട്ട്മെന്റ് | .. | ,, |
| ചീഫ് എഞ്ചിനീയർ, ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് | .. | ,, |
| ഡയറക്ടർ, സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ | .. | ,, |
| സി. ഇ. ഒ., വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻസ് കൗൺസിൽ | .. | ,, |
| സംസ്ഥാന ആസൂത്രണ ബോർഡ് പ്രതിനിധി | .. | 1 അംഗം |

**എക്സിക്യൂട്ടീവ് കമ്മിറ്റി**

| | | |
|---|---|---|
| കൃഷിമന്ത്രി | .. | **ചെയർമാൻ** |
| സെക്രട്ടറി, കൃഷിവകുപ്പ് | .. | അംഗം |
| സെക്രട്ടറി, മൃഗസംരക്ഷണവകുപ്പ് | .. | അംഗം |
| സെക്രട്ടറി, ഫിഷറീസ് | .. | അംഗം |
| സെക്രട്ടറി, തദ്ദേശ സ്വയംഭരണം | .. | അംഗം |
| ജൈവവൈവിധ്യ ബോർഡ് ചെയർമാൻ | .. | അംഗം |
| കൃഷിവകുപ്പു ഡയറക്ടർ | .. | കൺവീനർ |
| കേരള കാർഷിക സർവ്വകലാശാല പ്രതിനിധി | .. | അംഗം |
| ഡയറക്ടർ, മൃഗസംരക്ഷണം | .. | അംഗം |
| ഡയറക്ടർ, ഫിഷറീസ് | .. | അംഗം |
| ഡയറക്ടർ, ആയുർവേദ, നാട്ടുവൈദ്യം | .. | അംഗം |
| ആസൂത്രണബോർഡ് പ്രതിനിധി | .. | 1 അംഗം |
| ജൈവകർഷക പ്രതിനിധികൾ | .. | 2 അംഗങ്ങൾ |
| ജൈവകൃഷി നയത്തിലും പ്രായോഗിക തലത്തിലും പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾ | .. | 2 അംഗങ്ങൾ |

Mayap
സെക്ഷൻ ഓഫീസർ